**എഡിറ്റോറിയൽ**



# ഫൊറോന വൈദികരുടെ കൂടിവരവ്

**പൗ**രോഹിത്യ വർഷം സമുചിതമായി ആചരിച്ചതിനെത്തുടർന്ന് അതിരൂപതയിലെ വൈദിക കൂട്ടായ്മയിൽ പ്രകടമായിട്ടുള്ള നവ ചൈതന്യം ശ്ലാഘനീയമാണ്. അതിരൂപതാദ്ധ്യക്ഷന്റെ അജപാലന ഉത്തരവാദിത്തത്തിൽ പങ്കുചേർന്നുകൊണ്ട് പൗരോഹിത്യ ദൗത്യം അർത്ഥപൂർണ്ണമാക്കാനായി വൈദികർ സ്വായത്തമാക്കിയിട്ടുള്ള ആർജ്ജവം അതിരൂപതയുടെ വലിയൊരു കരുത്താണ്. ഇത് ഫലവത്താക്കാനുള്ള കൂട്ടായ ഒരു ശ്രമമാണ് ഈ ദിവസങ്ങളിൽ ഫൊറോന വൈദികർ അഭിവന്ദ്യ മെത്രാപ്പോലീത്തയോടുകൂടി നടത്തുന്ന മുഴുദിന വിശേഷാൽ കൂടിക്കാഴ്ചയിലൂടെ നടന്നുവരുന്നത്. തൂത്തൂർ, അഞ്ചുതെങ്ങ് ഫൊറോനകളിലെ വൈദികരുടെ കൂടിവരവ് പൂർത്തിയായി.

വൈദികർക്ക് ശുശ്രൂഷാമേഖലകളിൽ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള ജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള അവബോധം കൂടുതൽ തീക്ഷ്ണമാക്കാൻ ഈ കൂടിവരവ് സഹായിക്കുന്നുണ്ട്.ശുശ്രൂഷാ പ്രവർത്തനങ്ങൾക്കായി ലഭ്യമായിട്ടുള്ള സംവിധാനങ്ങളേയും അവയുടെ സാദ്ധ്യതകളേയും കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കാൻ ഈ മുഖാമുഖം പരിപാടി സഹായകമാകുന്നുണ്ട്.




# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 16 ആഗസ്റ്റ് 2010 ലക്കം 8



***രക്ഷാധികാരി***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

***സഹരക്ഷാധികാരികൾ***
മോൺ.യൂജിൻ എച്ച്. പെരേര
മോൺ. ജോൺ ഡി. ബോസ്കോ
മോൺ. നിക്കൊളസ്, റ്റി.
മോൺ. വിൽഫ്രഡ്, ഇ.

***പത്രാധിപ സമിതി***
റവ. ഡോ. ഹയസിന്ദ് എം. നായകം
റവ. ഫാ. ജസ്റ്റിൻ ജൂഡിൻ
റവ. ഫാ. പങ്ക്രേഷ്യസ്
റവ. ഫാ. ഫാ. ലോറൻസ് കുലാസ്
റവ. ഫാ. സാബാസ് ഇഗ്നേഷ്യസ്
റവ. ഫാ. ഏഡിസൺ വൈ.എം.
റവ. ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
റവ. ഫാ. പോൾ സണ്ണി
റവ. ഫാ. മെൽക്കൺ ജെ.

***പത്രാധിപർ***
ഫാ. തോമസ് ജെ. നെറ്റോ

***സഹപത്രാധിപർ***
പീറ്റർ കട്ടികാട്ട്

***കവർ & ലേ-ഔട്ട്***
ജീവ ജ്യോതി ഓഫ്സെറ്റ്



ലാറ്റിൻ ആർച്ച്ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001


## താളുകളിൽ


- ഫൊറോന വൈദികരുടെ കൂടിവരവ് (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്പ്സ് ഡയറി
- ചാൻസലറുടെ ഓഫീസിൽനിന്ന്
- ശുശ്രൂഷയുടെ പുത്തൻ ആഭിമുഖ്യങ്ങൾ
- ബി.സി.സി. ആനിമേറ്റർമാരുടെ പ്രവർത്തനങ്ങൾ
- അജപാലന ശുശ്രൂഷ: വൈദിക കോ-ഓർഡിനേറ്റർമാരുടെ യോഗം
- വിദ്യാഭ്യാസ ദിനാചരണം, വിജയികൾക്ക് പ്രോത്സാഹനം
- മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ

# ARCHBISHOP'S DIARY

## AUGUST - 2010



| | | |
|---|---|---|
| 1st Sunday | : | KRLCBC, Verapoly |
| 1 to 6th Friday | : | KCBC Annual Retreat |
| 7th Saturday | : | 11.00 am - KRLCC Executive<br>3.00 pm - KRLCC Political Affairs |
| 8th Sunday | : | 3.30 pm Conclusion of year of priests, Diocese of Alleppey Holy Mass |
| 9th Monday | : | 10.00 am Palayam Forane Priests One Day Programme |
| 11th Wednesday | : | 10.00 am Kovalam Forane Priests One Day Programme |
| 12th Thursday | : | Bharananganam |
| 15th Sunday | : | 3:00 pm Holy Mass - Altar Blessing at Ayroor |
| 16th Monday | : | 10:00 am Pulluvila Forane Priests One Day Programme |
| 17th Tuesday | : | 10.00 am Pettah Forane Priests One Day Programme |
| 18th Wednesday | : | Pudukkurichi Forane Priests One Day Programme |
| 19th Thursday | : | Marriage Blessing, Palayam |
| 21th Saturday | : | 10.30 am- Final Profession of OCD Nuns. Venganoor. |
| 22th Sunday | : | 8:30 am Pastoral Visit and Confirmation St.Dominic Vettucaud |
| 25th Wednesday | : | Marriage Blessing - Vellayambalam |
| 26th Thursday | : | Bl. Mother Theresa, Birth Centinary celebrations Holy Mass, Cathedral Palayam. |
| 27th Thursday | : | 4:30 pm Blessing of New Girls Homes (Centre of Excellence) |
| 28th Saturday | : | KRLCC Laity Commission, Trivandrum |
| 29th Sunday to 3rd Sept. Friday | : | Annual Retreat of Priests |

Fr. Shaji Silva, Secretary.



അതിരൂപതയിൽ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം വീണ്ടെടുക്കാനുള്ള നമ്മുടെ ശ്രമത്തെത്തുടർന്ന് ഉരുത്തിരിഞ്ഞ അജപാലന സമീപനമായ അടിസ്ഥാനക്രൈസ്തവ സമൂഹ സംവിധാനത്തെ ശക്തിപ്പെടുത്തുകയാണല്ലോ നമ്മുടെ ഇന്നത്തെ മുഖ്യ താല്പര്യം. പങ്കാളിത്തത്തിന് ജനങ്ങളെ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും സരളമായ കൂട്ടായ്മ സമൂഹങ്ങളെ ഇടവകയിൽ വാർത്തെടുക്കുന്നതിൽ ഇന്ന് നമ്മുടെ വൈദികർ പ്രാപ്തരാണ്. ഇടവകയിലെ വിവിധ ശുശ്രൂഷകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പുറമെ, ഫൊറോനതലത്തിൽ ഏതെങ്കിലുമൊരു ശുശ്രൂഷയെ ശക്തിപ്പെടുത്തുന്ന ഉത്തരവാദിത്തം കൂടി മിക്കവാറും വൈദികർ ഏറ്റെടുത്തിട്ടുണ്ട്.

നമ്മുടെ അല്മായർക്ക് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെയുള്ള പങ്കാളിത്ത പ്രവർത്തനങ്ങളുടെ ഫലദായകത്വത്തെക്കുറിച്ച് വലിയ പ്രത്യാശയും പ്രതീക്ഷകളുമുണ്ട്. അല്മായരുടെയും വൈദികരുടേയും കൃപാദാനങ്ങൾ സമൂഹത്തിന്റെ കൂട്ടായ വളർച്ചയ്ക്കുവേണ്ടി ഏകോപിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഇന്ന് നമ്മുടെ ആവശ്യം. ഈ മാസം (ആഗസ്റ്റ്) 29 ഞായറാഴ്ച വൈകുന്നേരം മുതൽ സെപ്റ്റംബർ 3 വെള്ളിയാഴ്ച വരെ നടക്കുന്ന വൈദിക വാർഷിക ധ്യാനം ലക്ഷ്യത്തിലേയ്ക്ക് നമ്മെ കൂടുതൽ അടുപ്പിക്കുമെന്ന് പ്രത്യാശിക്കാം.

പൗരോഹിത്യ സമർപ്പണത്തിന്റെ ആഴങ്ങളറിഞ്ഞ്, യേശുവിന്റെ പൗരോഹിത്യ ശുശ്രൂഷയിൽ അർത്ഥവത്തായി പങ്കാളികളാകുന്നതിനുള്ള മാർഗ്ഗങ്ങൾ തുറന്നുലഭിക്കുന്ന അനുഗ്രഹത്തിന്റെ സന്ദർഭങ്ങളാകട്ടെ വൈദികരുടെ കൂടിവരവും വാർഷിക ധ്യാനവുമെന്ന് ആശംസിക്കുന്നു.

വെള്ളയമ്പലം,
30-7-2010

**ഫാ.തോമസ് ജെ. നെറ്റോ**
*പത്രാധിപർ.*

# ശുശ്രൂഷകളുടെ പുത്തൻ ആഭിമുഖ്യങ്ങൾ

*അതിരൂപത ശുശ്രൂഷകളുടെ പുത്തൻ ആഭിമുഖ്യങ്ങൾ - ബി സി സി പ്രവർത്തനങ്ങളുടെ നവീകരണം സംബന്ധിച്ച ദ്വിദിന വൈദിക സമ്മേളനത്തിലെ നിർദ്ദേശങ്ങളുടെ ോ വെളിച്ചത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ.*

*ആമുഖം*

സുവിശേഷവൽക്കരണമാണ് സഭയുടെ ഒരേ ഒരു ദൗത്യം. ഓരോ രൂപതയും സ്ഥാപിതമായിരിക്കുന്നത് ഓരോ ദേശത്തിന്റേയും സാമൂഹിക-സാംസ്കാരിക പശ്ചാത്തലം കണക്കിലെടുത്ത് സുവിശേഷവൽക്കരണ ദൗത്യം കാര്യക്ഷമമാക്കുവാനാണ്. സ്വഭാവത്തിൽ തന്നെ സഭ പ്രേഷിതയും സഭാതനയർ പ്രേഷിത ദൗത്യനിർവ്വഹണത്തിലേക്ക് വിളിക്കപ്പെട്ടവരുമാണ്. ജീവനുള്ള ശരീരത്തിലെ യാതൊരംഗവും നിഷ്ക്രിയമായിരിക്കുന്നില്ല; മറിച്ച്, ശരീരത്തിന്റെ പ്രവർത്തനത്തിൽ പങ്കുപറ്റുന്നതോടൊപ്പം, അതിന്റെ ജീവനിലും ഭാഗഭാക്കാകുന്നു. അപ്രകാരം തന്നെയാണ് സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിലും (അല്മായ പ്രേഷിതത്വത്തെ സംബന്ധിച്ച ഡിക്രി, 2).

യേശു തന്റെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും ഉദ്ഘാടനം ചെയ്ത ദൈവരാജ്യ അനുഭവം (മാർക്കോ. 1:15; ലൂക്കാ. 4: 18 -19) ചരിത്രത്തിൽ യാഥാർത്ഥ്യമാക്കി തീർക്കുവാൻ സഭ സ്ഥാപിക്കുകയും സഭയെ ഈ ദൗത്യം ഏൽപ്പിക്കുകയും ചെയ്തു. ദൈവരാജ്യ സ്ഥാപനത്തിന് ഉപകരണമായി തീർന്ന സഭ തന്റെ അസ്ഥിത്വത്തിലൂടെയാണ് ഈ ദൗത്യം നിർവ്വഹിക്കേണ്ടതെന്ന് അവിടുന്ന് ഉദ്ബോധിപ്പിച്ചു. (മത്താ. 5: 13-16). നവീകരണത്തിന്റെ ശംഖൊലി രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ മുഴങ്ങിയപ്പോൾ ഉറവിടങ്ങളിലേക്ക് മടങ്ങിപ്പോകാൻ സഭ തയ്യാറായി. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം വീണ്ടെടുക്കുവാനുള്ള ശ്രമം വ്യത്യസ്ഥ





## AUGUST 2010

### BIRTHDAYS

| | | |
|---|---|---|
| 1. | Rev.Fr. Joseph R. D'Silva | 01.08.1938 |
| 2. | Rev.Fr. Gerard Silva | 05.08.1945 |
| 3. | Rev.Fr. Damian Ettamathuparambil | 12.08.1934 |
| 4. | Rev.Fr.Stanislaus Theesmas | 13.08.1967 |
| 5. | Rev.Fr. John Bosco | 14.08.1979 |
| 6. | Rev.Fr. Johnson Alexander | 17.08.1962 |
| 7. | Rev.Fr.Lawrence S.P | 19.08.1972 |
| 8. | Rev.Fr. Suresh D. Antony | 21.08.1967 |
| 9. | Rev.Fr. Lazer Benedict | 27.08.1966 |
| 10. | Rev.Fr. Jacob Stellus | 28.08.1980 |

### DECEASED PRIESTS

| | | |
|---|---|---|
| 1. | Rev.Fr.Peter Puthenpuradkal | 02.08.1973 |
| 2. | Rev.Fr. Michael Jackson | 05.08.1952 |
| 3. | Bishop A.B. Jacob Ofm Cap | 13.08.1995 |
| 4. | Rt.Rev. Msgr. Bernardine OCD | 18.08.1944 |
| 5. | Very Rev.Fr. Ignatius Francis Louis | 21.08.2008 |
| 6. | Rev.Fr. Simon John | 27.08.1991 |
| 7. | Rev.Fr.Michael John | 30.08.1965 |
| 8. | Rt. Rev.Msgr.John N. Fernandez | 30.08.1984 |

### PERPETUAL DAY ADORATION

| | | |
|---|---|---|
| 1. | Sacred Heart Convent, Anjengo | 05.08.2010 |
| 2. | St. Thomas Forane Church, Thoothoor | 11.08.2010 |
| 3. | Assumption Church, Thycaud | 22.08.2010 |
| 4. | Our Lady of Sorrows Convent, Poonthura | 31.08.2010 |

### Appointment:

1. Rev.Fr. Cleetus Vincent- Director, Board for Temporalities, Archdiocese of Trivandrum with effect from 29-6-2010

Fr. Hyacinth M. Nayakam
Chancellor

ങ്ങളായ അജപാലന സമീപനങ്ങൾക്ക് രൂപം നൽകി. അവയിൽ ഏറ്റവും ശ്രദ്ധേയമായ ഒരു സമീപനമാണ്

*അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനം.* 1987 ൽ അതിരൂപതാ സുവർണജൂബിലിയോടനുബന്ധിച്ച് പങ്കാളിത്തം, വികേന്ദ്രീകരണം, വിഭവശേഷി വികസനം, കീഴ്ഘടകശാക്തീകരണം എന്നീ തത്വങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് രൂപതാ നവീകരണ പദ്ധതി ആസൂത്രണം ചെയ്തു. തത്വങ്ങൾ യാഥാർത്ഥ്യമാക്കുവാൻ അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനത്തെ അതിരൂപതയുടെ അജപാലന സമീപനമായി തിരഞ്ഞെടുത്തു.

*ദർശനം*

ഏക മനസ്സോടെ താൽപ്പര്യപൂർവ്വം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും അപ്പസ്തോലന്മാരുടെ പ്രബോധനങ്ങൾ, അപ്പംമുറിക്കൽ എന്നിവയിൽ പങ്കുചേർന്ന് ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ജീവിച്ച ആദിമ ക്രൈസ്തവ സമൂഹമാണ് സഭയുടെ മാതൃക. അതിനാൽ സഭയുടെ അന്തസത്ത കൂട്ടായ്മയാണ്. കൂട്ടായ്മബന്ധങ്ങളിലൂടെയാണ് അനുഭവവേദ്യമാകുന്നത്. സഭയുടെ ഈ അസ്തിത്വത്തിലേക്ക് ഉയരുന്നത് സാഹോദര്യത്തിലൂടെയും വചനം പങ്കുവയ്ക്കുന്നതിലൂടെയും അപരനോടുള്ള പ്രതിബദ്ധതയിലൂടെയുമാണ്.

എല്ലാം പങ്കിടുകയും എല്ലാവരുടേയും ആവശ്യങ്ങൾ നിവർത്തപ്പെടുകയും ചെയ്യുന്ന ഒരാദർശ സമൂഹത്തിന്റെ സൃഷ്ടിയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇങ്ങനെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നൽകാനും സകലരുടേയും സംപ്രീതിക്ക് പാത്രമാവാനും ഇടവക സമൂഹത്തിന് കഴിയുന്നു. ഇടവക സമൂഹത്തിലെ ഓരോ വ്യക്തികളുടേയും സ്നേഹവും പരിചരണവു ഇടവകയിലെ ഓരോ അംഗത്തിനും അവകാശപ്പെട്ടതാണ്.

വിടുതൽ പ്രക്രിയയിലൂടെയാണ് ഇത് യാഥാർത്ഥ്യമാകുന്നത്. വിടുതൽ അനുഭവം സംജാതമാകുന്നത് ശുശ്രൂഷകളിലൂടെയും. സഭ ദൈവജനമാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനം ശുശ്രൂഷകളിലുള്ള സഭ അംഗങ്ങളുടെ പങ്കാളിത്തതിലേക്കാണ് വിരൽചൂണ്ടുന്നത്. സഭാ അംഗങ്ങളെ മുഴുവനും സഭാ



ശുശ്രൂഷകളിൽ പങ്കുചേർത്ത് വിടുതൽ പ്രകൃയയിലൂടെ സഭയെ അതിന്റെ അത്യന്തികലക്ഷ്യമായ ദൈവരാജ്യ അനുഭവത്തിലേക്ക് നയിക്കുവാൻ ഉപയുക്തമായ അജപാലന സമീപനം അടിസ്ഥാന ക്രൈസ്തവ സംവിധാനത്തിലൂടെ കാര്യക്ഷമമാക്കാനുതകുന്ന നിർദ്ദേശങ്ങൾ ഫെറോന വൈദിക സമിതി ചർച്ചകളിലും രൂപതാ വൈദിക വിശേഷാൽ സമ്മേളനത്തിലും ഉയർന്നുവന്നു. ഈ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഇടവക തലത്തിലും ഫെറോനതലത്തിലും രൂപത തലത്തിലും നടപ്പിലാക്കേണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

*തീരുമാനങ്ങൾ*

1. *ബി.സി.സി. ഇടവക തലം*

ചെറുസമൂഹങ്ങളുടെ വളർച്ചയാണ് (വിശ്വാസ-വിദ്യാഭ്യാസ-സാമൂഹിക-വളർച്ച) രൂപതയുടെ വളർച്ചയായി മാറേണ്ടത്. അതുകൊണ്ട് യൂണിറ്റ് തലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷ പ്രതിനിധികളിലൂടെ വിവിധ ശുശ്രൂഷ പ്രവർത്തനങ്ങൾ യൂണിറ്റ് തലങ്ങളിൽ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

ഈ ലക്ഷ്യം നിറവേറ്റുന്നതിനായി കുടുംബയൂണിറ്റുകൾ തോറും ശുശ്രൂഷ പ്രവർത്തനങ്ങളുടെ പദ്ധതി ആവിഷ്ക്കരണം, നടത്തിപ്പ്, അവലോകനം എന്നിവ കാര്യക്ഷമമായി നടത്തേണ്ടതാണ്.

ഇടവക കൗൺസിൽ കാര്യനിർവ്വഹണ സമിതിയോടൊപ്പം ഫൊറോന വികാരിയുടെ അംഗീകാരത്തോടെ അജപാലന-വിദ്യാഭ്യാസ-സാമൂഹ്യ ശുശ്രൂഷകളെ പ്രചോദിപ്പിക്കാൻ ശേഷിയുള്ള മൂന്ന് വിദഗ്ദ്ധരേയും കൂടി ഉൾപ്പെടുത്തി ഇടവക പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും അവയുടെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുമാണ്.

2 *ഫൊറോനതലം*

ഫെറോനതലത്തിലെ വിവിധ ശുശ്രൂഷ സമിതികളുടെ പ്രതിമാസ യോഗം നിർബന്ധമായും വിളിച്ച് കൂട്ടുകയും ഈ യോഗത്തിൽ ഇടവകതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുമാണ്.

ഫെറോന വൈദികരുടെ പ്രതിമാസ യോഗം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ഈ യോഗത്തിൽ ഫെറോന ആനിമേറ്റർമാരുടെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ച അവലോകനം ചെയ്യുകയും വരുംമാസ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, ഫെറോന പ്ലാനിനും ബഡ്ജറ്റിനും വിധേയമായി, രൂപപ്പെടുത്തുകയും ചെയ്യണം.

ഫെറോന പ്രവർത്തനങ്ങൾ ത്രൈമാസ ഫൊറോന കൗൺസിൽ കാര്യനിർവ്വഹണ സമിതി യോഗത്തിൽ അവതരിപ്പിച്ച് അവലോകനം ചെയ്യേണ്ടതാണ്.

4 മാസത്തിലൊരിക്കൽ ഫൊറോനതലത്തിൽ വൈദിക-സന്യാസ -ആനിമേറ്റർമാരുടെ യോഗം കൂടുകയും ഇടവക-ഫെറോന പ്രവർത്തനങ്ങളുടെ ശുശ്രൂഷതല റിപ്പോർട്ട് അതാത് ശുശ്രൂഷ വൈദിക കോ-ഓർഡിനേറ്റർമാർ അവതരിപ്പിച്ച് അവലോകനം ചെയ്യുകയും കുറവുകൾ പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകുവാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

ഫൊറോന കൗൺസിലുകളുടെ അർദ്ധവാർഷിക സമ്മേളനം വിളിച്ചുകൂട്ടി ശുശ്രൂഷ പ്രവർത്തനങ്ങളുടെ അർദ്ധവാർഷിക റിപ്പോർട്ടും അക്കൗണ്ട്സും വേർതിരിച്ച് വിലയിരുത്തേണ്ടതും തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം രൂപപ്പെടുത്തേണ്ടതുമാണ്.

ഫൊറോന ശുശ്രൂഷ ഏകോപന പ്രവർത്തനങ്ങളിൽ ശുശ്രൂഷ ദൈവിക കോ-ഓർഡിനേറ്റർമാരോടൊപ്പം പ്രവർത്തിക്കുന്നതിന് സന്യാസിനി സഹോദരിമാരെ ജോയിന്റ് കോ-ഓർഡിനേറ്റർമാരായി നിയമിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഫൊറോന കൗൺസിൽ കാര്യനിർവ്വഹണ സമിതിയോടൊപ്പം അജപാലന-വിദ്യാഭ്യാസ-സാമൂഹ്യ ശുശ്രൂഷകൾക്കായി ഇടവകകൾ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധരുടെ മൂന്നു പ്രതിനിധികൾ ഉൾപ്പെടുത്തി ഫൊറോന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്. ഫെറോന കൗൺസിൽ കാര്യനിർവ്വഹണ സമിതിയോഗം, അജപാലന-വിദ്യാഭ്യാസ-സാമൂഹ്യ ശുശ്രൂഷകൾക്കായി ഇടവകകൾ നിയോഗിച്ചിട്ടുള്ള വിദഗ്ധരുടെ മൂന്നു പ്രതിനിധികളെ ഉൾപ്പെടുത്തി ഫെറോന പ്രവർത്തനങ്ങൾ



മേൽനോട്ടം വഹിക്കേണ്ടതാണ്.

**3. രൂപതാതലം**

കുടുംബയൂണിറ്റുകൾ തോറും ശുശ്രൂഷ പ്രവർത്തനങ്ങളുടെ പദ്ധതി ആവിഷ്ക്കരണം, നടത്തിപ്പ് ,അവലോകനം എന്നിവ കാര്യക്ഷമമായി നടത്തേണ്ടതിനായി കുടുംബയോഗക്രമം പുനഃക്രമീകരിക്കണം.

ബി.സി.സി. ഇടവകതല ശുശ്രൂഷാ പ്രതിനിധികളുടെ കടമകളേയും ചുമതലകളേയും കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും പരിശീലനം നൽകുകയും വേണം.

ഇടവക കൗൺസിലിന്റെ കടമകളേയും ചുമതലകളേയും കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകണം.

സാമ്പത്തിക സമിതിയുടെ കടമകളും ചുമതലകളും ശുശ്രൂഷകളുടെ വെളിച്ചത്തിൽ പുനഃക്രമീകരണം നടക്കണം.

ഇടവക -ഫൊറോന-രൂപതതലത്തിൽ വ്യക്തമായ ദൗത്യത്തോടുകൂടിയ മനുഷ്യവിഭവശേഷി വികസന സംഘരൂപീകരണം നടക്കണം.

വിവിധ ശുഷ്രൂഷകൾക്കായുള്ള ഫൊറോന കോ-ഓർഡിനേറ്റർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും അവർക്ക് ഉത്തരവാദിത്വങ്ങൾ ആധികാരികമായി നിർവ്വഹിക്കുവാനുള്ള ചുമതല അധികാര വികേന്ദ്രീകരണത്തിലൂടെ നൽകുകയും വേണം.

ശുശ്രൂഷയ്ക്കായുള്ള രൂപതാ ഡയറക്ടർമാർ അതാത് ശുശ്രൂഷകളുടെ ഫെറോന കോ-ഓർഡിനേറ്റർ, ജോയിന്റ് കോർഡിനേറ്റർ എന്നിവരെ മൂന്നുമാസത്തിൽ ഒരിക്കൽ വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത പദ്ധതികൾക്ക് വിധേയമായി അവലോകനം ചെയ്യുക, പദ്ധതികൾക്കനുസൃതമായ വിഭവസ്രോതസ്സുകളെക്കുറിച്ച് ചർച്ച ചെയ്യുക, ലഭ്യമായ വിവരങ്ങൾ വിനിയോഗിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

അതിരൂപത ഡയറക്ടർമാർ മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും ഫെറോനകളെ സന്ദർശിക്കുകയും ഫെറോന ശുശ്രൂഷകാര്യനിർവ്വഹണ സമിതിയുമായി ചർച്ചകൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.

ഫൊറോനകളിൽ നടക്കുന്ന ത്രൈമാസ കാര്യനിർവ്വഹണ സമിതി

യോഗത്തിലും അർദ്ധവാർഷിക ഫൊറോന ജനറൽ ബോഡി യോഗത്തിലും അതിരൂപതയിലെ വിവിധ ശുശ്രൂഷാ ഡയറക്ടർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കേണ്ടതാണ്.

ശുശ്രൂഷ ഡയറക്ടർ ഫൊറോന ഇടവക പ്രവർത്തനങ്ങൾക്കുള്ള പരിശീലന സഹായം, വിഭവസഹായം, വിവര സഹായം എന്നിവ ലഭ്യമാക്കേണ്ടതാണ്.

അതിരൂപതാതലത്തിൽ അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാന കമ്മീഷൻ രൂപീകരിക്കേണ്ടതാണ്. അതിൽ ശുശ്രൂഷകർക്കായുള്ള പൂർണ ചുമതലയുള്ള അതിരൂപത കോ-ഓർഡിനേറ്റർ, ശുശ്രൂഷ ഡയറക്ടർമാർ, അടിസ്ഥാന സമൂഹ കമ്മീഷൻ, മീഡിയ കമ്മീഷൻ, യുവജന കമ്മീഷൻ എന്നിവയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിമാരും ഉൾക്കൊള്ളുന്നതായിരിക്കണം. ഇതിന്റെ കൺവീനറായി അതിരൂപത കോ-ഓർഡിനേറ്ററും സെക്രട്ടറിയായി, അടിസ്ഥാന ക്രൈസ്തവ സമൂഹ കമ്മീഷൻ സെക്രട്ടറിയും പ്രവർത്തിക്കേണ്ടതാണ്.

മൂന്നുമാസത്തിൽ ഒരിക്കൽ ഈ കമ്മീഷൻ കൂടുകയും ശുശ്രൂഷ സമിതികളുടെ ഫൊറോന സന്ദർശന പരിപാടിയുടെ അവലോകനവും, വിഭവശേഷി വർധനവ്, വിതരണം എന്നിവയെക്കുറിച്ച് ചർച്ച നടത്തേണ്ടതുമാണ്.

Annexe-1

**കുടുംബയോഗക്രമം**

സപ്തതല വചന പങ്കുവയ്ക്കൽ രീതി കുടുംബയോഗ ക്രമത്തിൽ നിർബന്ധമായും പാലിച്ചിരിക്കണം.

1) യേശുവിനെ ക്ഷണിക്കുന്നു
2) വചനം വായിക്കുന്നു.
3) സ്പർശിച്ച വചനം ഉരുവിടുന്നു
4) നിശബ്ദമായി യേശുവിനെ ശ്രവിക്കുന്നു.
5) യേശു നൽകിയ സന്ദേശം പങ്കുവയ്ക്കുന്നു.
6) ദൗത്യം ഏറ്റെടുക്കൽ/ജീവന്റെ വചനം ഏറ്റെടുക്കൽ

എ) ശുശ്രൂഷകളുടെ റിപ്പോർട്ടിംഗ്

- ബി സി സി



- അജപാലനം
- വിദ്യാഭ്യാസം
- സാമൂഹികം
- യുവജനം
- മാദ്ധ്യമം
- ദൈവവിളി

ബി) ശുശ്രൂഷ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

സി) കർമ്മപരിപാടികൾ നിശ്ചയിക്കൽ

VII സ്വയം പ്രേരിത പ്രാർത്ഥന

(യോഗസമയം ഒന്നരമണിക്കൂറായി നിശ്ചയിക്കുക. 1-5 വരെയുള്ള തലത്തിന് 45 മിനിറ്റും; 6 - 7 വരെയുള്ള തലത്തിന് 45 മിനിറ്റും എന്ന രീതിയിൽ...)

Annexe-II

**ബി സി സി ഭാരവാഹികളുടെ കടമകളും ചുമതലകളും**

**1. ലീഡർ**

■ ശുശ്രൂഷകളുടെ ഏകോപനംവഴി സമഗ്രതയിൽ ക്രിസ്തീയകൂട്ടായ്മ സമൂഹത്തെ വളർത്തുക.

■ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നവർക്ക് ആവശ്യമായ പ്രചോദനംനല്കി അവരെ പ്രവർത്തനിരതരാക്കുക.

■ കൂടുംബകൂട്ടായ്മകളുടെ സ്ഥിരമായ നടത്തിപ്പ് ഉറപ്പാക്കുക.

■ കൂട്ടായ്മ സമ്മേളനത്തിന്റെ അധ്യക്ഷനായി സമിതിയുടേയും ഇടവകവികാരിയച്ചന്റെയും നിർദ്ദേശമനുസരിച്ച് കൂട്ടായ്മ സമൂഹ യോഗം നടത്തുക.

■ യോഗറിപ്പോർട്ടുകൾ സെക്രട്ടറി തയ്യാറാക്കുന്നു എന്ന് ഉറപ്പുവരുത്തുക, അവ അവതരിപ്പിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുക, അറ്റന്റൻസ് എടുക്കുക. രഹസ്യപ്പിരിവ് എടുക്കുക തുടങ്ങിയ കാര്യങ്ങൾ മറ്റാരെയെങ്കിലും ചുമതലപ്പെടുത്തുകയും അവരുടെ പേരുവിവരങ്ങൾ വികാരിയച്ചനെ അറിയുകയും ചെയ്യേണ്ടതാണ്.

■ കൂട്ടായ്മയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക

■ രഹസ്യപ്പിരിവുവഴി ലഭിക്കുന്ന തുക കൂട്ടായ്മസമൂഹത്തിലെ ചെലവുകൾക്കായി അത്യാവശ്യഘട്ടങ്ങളിൽ വികാരിയച്ചന്റെ അറിവോടുകൂടി ഉപയോഗിക്കുക.

**2. അജപാലന ശുശ്രൂഷ**

♦ സഭയുടെ പല പ്രവർത്തനങ്ങളിൽ ഒന്നല്ല സുവിശേഷവത്ക്കരണം സഭയുടെ ഏകപ്രവർത്തനമാണിത്, ജോൺപോൾ രണ്ടാമൻ പാപ്പ.

♦ ദൈവരാജ്യനിർമ്മിതിക്കായി ജനത്തെ ഒരുക്കി, പിതാവായ ദൈവത്തിന്റെ ഉപാധികളില്ലാത്ത സ്നേഹം അനുഭവവേദ്യമാക്കിക്കൊടുക്കുവാനുള്ള ശുശ്രൂഷയാണിത്. ദൈവവചനപാരായണത്തിലൂടെയും പഠനത്തിലൂടെയും ജനങ്ങളുടെ വിശ്വാസം ആഴപ്പെടാൻ ഈ ശുശ്രൂഷ വലിയൊരു സഹായമാണ്.

**പ്രവർത്തനങ്ങൾ**

❖ എല്ലാ കുടുംബങ്ങളിലും ബൈബിൾ ഉണ്ടെന്ന് ഉറപ്പാക്കുക
❖ ബൈബിളിനെക്കുറിച്ചുള്ള പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക
❖ ഇടവകയിലെ കുട്ടികളെ മതബോധന ക്ലാസ്സുകളിൽ പങ്കെടുപ്പിക്കുക
❖ മതബോധനത്തിനായി യോഗ്യരായ അദ്ധ്യാപകരെ കണ്ടെത്തുക
❖ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ കുടുംബങ്ങളിൽ സംലബ്ധമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
❖ ആരാധന സജീവമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക
❖ അൾത്താര ബാലന്മാരും ബാലികമാരും ഒരുക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ച് ഒരുക്കുക.
❖ ജ്ഞാനസ്നാനം, ആദ്യകുർബാന, സ്ഥൈര്യലേപനം തുടങ്ങിയ കൂദാശകൾ സ്വീകരിക്കാത്തവരെ അതിനായി ഒരുക്കുക.
❖ ഞായറാഴ്ചകളിൽപോലും ദേവാലയത്തിൽ വരാത്തവരെ കണ്ടെത്തി ആരാധനക്രമജീവിതത്തെക്കുറിച്ച് ബോധവൽക്കരിച്ച് ദേവാലയത്തിലേക്ക് കൂട്ടിക്കൊണ്ടുവരുക.
❖ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ദേവാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ പരിശ്രമിക്കുക.
❖ വാർദ്ധക്യം,രോഗം തുടങ്ങിയ കാരണങ്ങളാൽ വേദന അനുഭ



വിച്ചു കഴിയുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്കായി പ്രാർത്ഥിക്കുക.
❖ പള്ളിയിൽ വരാൻ സാധിക്കാത്ത രോഗികളായവരുടെയും വാർദ്ധക്യത്തിലായവരുടെയും കൂദാശസ്വീകരണത്തിന്റെ കാര്യങ്ങൾ വികാരിയച്ചന്റെ ശ്രദ്ധയിൽപ്പെടുത്തുകയും മാസത്തിലൊരിക്കലെങ്കിലും പരിശുദ്ധകുർബാന സ്വീകരണത്തിനായി ഒരുക്കുകയും ചെയ്യുക
❖ ദൈവവിളി പ്രോത്സാഹിപ്പിക്കുക
❖ രൂപതയുടെ കുടുംബപ്രേഷിത സമിതിയുമായി സഹകരിച്ച് വിവാഹ ഒരുക്ക സെമിനാറുകൾക്കായി യുവതിയുവാക്കളെ അയയ്ക്കുക.
❖ കുടുംബപ്രാർത്ഥന പ്രോത്സാഹിപ്പിക്കുക.
❖ കുടുംബബന്ധങ്ങളുടെ ഐക്യവും വിശുദ്ധിയും കാത്തുസൂക്ഷിച്ച് കുടുംബങ്ങളെ സഹായിക്കുന്ന പ്രവർത്തങ്ങളിൽ ഏർപ്പെടുക.
❖ സഭാനിയമപ്രകാരം വിവാഹിതരാകാതെ ഒന്നിച്ചുകഴിയുന്നവരെ കൗദാശികമായ വിവാഹത്തിലേക്ക് നയിക്കുക.
❖ സഭയിലെ യുവജനപ്രസ്ഥാനങ്ങളിൽ അംഗങ്ങളാകുവാനും യുവജനങ്ങൾക്ക് നല്കുന്ന രൂപീകരണങ്ങളിൽ പങ്കുചേരാനും യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുക.
❖ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
❖ സഭ ഉപേക്ഷിച്ചുപോയവരെ മടക്കിക്കൊണ്ടുവരാൻ പരിശ്രമിക്കുക.
❖ അകത്തോലിക്കരും അക്രൈസ്തവരുമായുള്ള കൂട്ടായ്മ വളർത്തുക

**3. വിദ്യാഭ്യാസ ശുശ്രൂഷ**

ഇന്ന് വളരെയധികം ആളുകളെ അജ്ഞതയുടെ ദുരിതത്തിൽ നിന്നും വിമുക്തമാക്കാൻ ജാഗ്രതയോടെ പ്രവർത്തിക്കുകയെന്നത് ക്രൈസ്തവരുടെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കടമയാണ്. ബുദ്ധിപരമായ കഴിവുള്ളവർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ പരിശ്രമിക്കണം. തങ്ങളുടെ സ്വഭാവിക വാസനയോടും തങ്ങൾ സമ്പാദിച്ചിട്ടുള്ള കഴിവുകളോടും

പൊരുത്തപ്പെടുന്ന ചുമതലകൾക്കും ജോലികൾക്കും സേവനങ്ങൾക്കുമായി അവർ സമുദായത്തിൽ കഴിയുന്നത്ര മുന്നോട്ടുവരട്ടെ. അങ്ങനെ ഓരോ മനുഷ്യനും സ്വന്തം സാംസ്കാരിക ജീവിതത്തിന്റെ പൂർണ്ണവികാസം കൈവരിക്കാൻ സാധ്യമാകും. കൂടാതെ എല്ലാ മനുഷ്യരും സംസ്കാരത്തിന് അവർക്കുള്ള അവകാശത്തെപ്പറ്റിയും സാംസ്കാരികമായി സ്വയം അഭിവൃദ്ധിപ്പെടുത്താനും മറ്റുള്ളവരെ സഹായിക്കുവാനുമുള്ള കടമയെപ്പറ്റിയും ബോധവാന്മാരാകാൻ അവിശ്രാന്തം പരിശ്രമിക്കണം (സഭ ആധുനിക ലോകത്തിൽ , 60) അക്ഷരം അറിവാണെന്നും അറിവാണ് മനുഷ്യനെ സ്വതന്ത്രനാക്കുന്നതെന്നുമുള്ള ബോധ്യത്തിലേക്ക് ജനങ്ങളെ നയിക്കുന്ന ശുശ്രൂഷാ മേഖലയാണിത്.

**പ്രവർത്തനങ്ങൾ**

- ❖ കൂട്ടായ്മസമൂഹത്തിലെ അംഗങ്ങളുടെ വിദ്യാഭ്യാസനിലവാരത്തെക്കുറിച്ച് അറിയുക
- ❖ കൂട്ടായ്മസമൂഹത്തിൽ പഠനത്തിനായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഉണ്ടെങ്കിൽ അവരെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്ന് ചർച്ചചെയ്ത് തീരുമാനിക്കുക.
- ❖ പഠനത്തിൽ പിന്നോക്കമുള്ള കുട്ടികൾക്കായി സൗജന്യപഠനക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ❖ ഉന്നത സാങ്കേതിക വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർക്ക് എന്തൊക്കെ സഹായങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുമെന്ന് ഇടവകവിദ്യാഭ്യാസ സമിതിയുമായി ചർച്ചചെയ്ത് അതിനായുള്ള ഒത്താശകൾ ചെയ്യുക.
- ❖ യുവജനങ്ങളെ പി.എസ്.സി. ടെസ്റ്റുകൾ എഴുതുവാൻ പ്രോത്സാഹിപ്പിക്കുകയും അവരെ അതിനായി ഒരുങ്ങുവാൻ സഹായിക്കുകയും ചെയ്യുക.
- ❖ അക്ഷരജ്ഞാനമില്ലാത്തവർക്കായി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ച് അവരെ പഠിപ്പിക്കുക
- ❖ ചാക്രിക ലേഖനങ്ങൾ, ഇടയലേഖനങ്ങൾ, സഭയുടെ പഠനങ്ങൾ എന്നിവ പഠിക്കാനുള്ള ഒരു നല്ല വേദിയായി ബി.സി.സി. യെ മാറ്റുക.
- ❖ കലാ-സാഹിത്യ-കായിക വാസനകൾ വളർത്തുവാനായി ശ്രമി



ക്കുക

**4. സാമൂഹികസേവന ശുശ്രൂഷ**

ദൈവജനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ശുശ്രൂഷാമേഖലയാണിത്. എല്ലാ മനുഷ്യരുടെയും ഓരോ വ്യക്തിയുടെയും സമഗ്രവളർച്ചയാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. വികസനം മുഴുവൻ മനുഷ്യനെയും ഉൾക്കൊള്ളുന്നില്ലെങ്കിൽ അത് സത്യസന്ധതയുള്ള വികസനമല്ല (സത്യത്തിൽ സ്നേഹം. 18)

**പ്രവർത്തനങ്ങൾ**

രൂപതയുടെ സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുക.

പഞ്ചായത്തുകളിൽനിന്ന് ലഭിക്കുന്ന സഹായങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. ഇവ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവരുമായി ചർച്ച ചെയ്ത് കണ്ടെത്തുക.

ക്രിസ്തീയ മൂല്യങ്ങൾക്ക് സമൂഹത്തിൽ സാക്ഷ്യം വഹിക്കുവാൻ കഴിവുള്ള പൗരന്മാരെ വളർത്തുക.

വ്യക്തികൾ തമ്മിൽ സജീവവും ഗാഢവുമായ ബന്ധം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

സമ്പാദ്യശീലം വളർത്തുവാൻ തക്കവിധത്തിൽ അംഗങ്ങൾക്ക് അവബോധം നല്കുക.

അടിസ്ഥാന ജീവിത സാഹചര്യങ്ങൾ (വീട്, കക്കൂസ്, കിണർ, വൈദ്യുതി)ഇല്ലാത്തവർക്ക് അതുണ്ടാക്കിക്കൊടുക്കുവാൻ യത്നിക്കുക.

രോഗികളായവരെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക.

ഏകാന്തത അനുഭവിക്കുന്നവർക്കും അവഗണിക്കപ്പെടുന്നവർക്കും പ്രത്യാശ പകർന്നു കൊടുത്ത് സ്നേഹകൂട്ടായ്മ അനുഭവവേദ്യമാക്കുക.

വീട്ടുവളപ്പിൽ പച്ചിലമരുന്നുകൾ വച്ചുപിടിപ്പിക്കാൻ നേതൃത്വം നൽകുക.

മദ്യപാനശീലത്തിൽനിന്നു ആളുകളെ പിന്തിരിപ്പിക്കുക.

പരിസരശുചീകരണത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക

സ്ത്രീകളുടെയും ശിശുക്കളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുക

തൊഴിൽ മേഖലയിൽ നീതിയ്ക്ക് വേണ്ടി പ്രവർത്തിക്കുക.

Annexe-III

**ഇടവക കൗൺസിലിന്റെ സാധാരണ യോഗ നടപടി ക്രമം**

1. സപ്തതലത്തിലെ 1 മുതൽ 5 വരെയുള്ള ക്രമങ്ങൾ യോഗത്തിന്റെ പ്രാരംഭ പ്രാർത്ഥന ക്രമമായി മാറ്റുക. (15 മിനിറ്റ് നേരമെങ്കിലും)
2. മുൻയോഗ റിപ്പോർട്ട് അവതരണവും അവലോകനവും
3. വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങളുടെ കണക്ക് സഹിതമുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ടിന്റെ കോപ്പി ഇടവക കൗൺസിൽ സെക്രട്ടറിയേയും കണക്കിന്റെ കോപ്പി ഖജാൻജിയേയും ഏല്പിക്കുക
4. അടുത്ത മാസത്തേയ്ക്കുള്ള കർമ്മപരിപാടികൾ നിശ്ചയിക്കുകയും അതിനുള്ള തുക വകയിരുത്തുകയും ചെയ്യുക.
5. സാമ്പത്തിക സമിതി അംഗീകരിച്ച പ്രതിമാസ വരവ് ചെലവ് കണക്ക് ഖജാൻജി അവതരിപ്പിക്കുന്നു. (2 മുതൽ 5 വരെയുള്ളവ അവതരിപ്പിക്കാൻ ഒന്നര മണിക്കൂർ)
6. ഇടവക വികാരിയുടെ അനുമതി ലഭിച്ച മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യുന്നു (15 മിനിറ്റ്)
7. സപ്തതലത്തിലെ അവസാനക്രമമായ സ്വയം പ്രേരിത പ്രാർത്ഥനയോടെ യോഗക്രമം അവസാനിക്കുന്നു.

Annexe-IV

**സാമ്പത്തിക സമിതി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ഇടവകയ്ക്ക് ആവശ്യമായ സമ്പത്ത് കണ്ടെത്തുക
2. സമ്പത്ത് ശരിയായി വിനിയോഗിക്കുക
3. ശുശ്രൂഷകളിലൂടെയുള്ള ഇടവക സമൂഹ വളർച്ചയാണ് സാമ്പത്തിക സമിതിയുടെ ലക്ഷ്യം.
4. വാർഷിക പദ്ധതി ആവിഷ്കരണത്തിന് ശുശ്രൂഷ സമിതിയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുക.
5. ആ പദ്ധതികളുടെ സാമ്പത്തിക ആവശ്യം അംഗീകരിച്ച് പ്രതിമാസ ബഡ്ജറ്റ് അനുവദിക്കുക.

Annexe-V



**വിഭവശേഷി സംഘത്തിന്റെ ദൗത്യങ്ങൾ**

1. അതാത് ശുശ്രൂഷകകൾക്ക് അറിവും അവബോധവും നൽകുക.
2. പ്രചോദനം നൽകുക
3. കുടുംബയോഗങ്ങൾ, സമിതിയോഗങ്ങൾ എന്നിവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുക.
4. കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ, ദാർശനിക സഹായം നൽകുക.
5. ശുശ്രൂഷകളുടെ പ്രവർത്തനങ്ങളെകുറിച്ചുള്ള നിരീക്ഷണങ്ങൾ രൂപതാ ശുശ്രൂഷ കോ- ഓർഡിനേറ്ററിനെ അറിയിക്കുക.

Annexe-VI

**ഫൊറോന വൈദിക കൂട്ടായ്മ കാര്യക്ഷമമാക്കാനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ**

1. നിർബന്ധമായും മാസത്തിലൊരിക്കൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒരുദിവസം ഫൊറോന വൈദിക കൂട്ടായ്മ ഉണ്ടാകണം.
2. യോഗ സമയം 4 മണിക്കൂറെങ്കിലും ഉണ്ടായിരിക്കേണ്ടതാണ് (ഉദാ. 9.30 മുതൽ 1.30 വരെ)
3. സപ്തതല വചനം പങ്കുവയ്ക്കലോടുകൂടി യോഗം ആരംഭിക്കണം.
4. സ്പതതലത്തിലെ ആദ്യത്തെ 5 തലങ്ങൾ 15 മിനിറ്റ്
5. 6-ാമത്തെ തലത്തിൽ

i റിപ്പോർട്ടവതരണം

ii വൈദികരുടെ വ്യക്തിപരമായ ജീവിത അനുഭവം പങ്കുവയ്ക്കൽ (പുതിയ കാൽവയ്പ്പുകൾ എന്നിവ)

i രൂപതാ നിർദ്ദേശങ്ങളും ഫൊറോനയെ സംബന്ധിക്കുന്ന മറ്റ് കാര്യങ്ങളും

6 തുടർന്ന് 11.30 am ന് ഫൊറോന ശുശ്രൂഷയ്ക്കായുള്ള ആനിമേറ്റർമാർ യോഗത്തിൽ ചേരുന്നു.

7. ഓരോ ആനിമേറ്ററും (ബി.സി.സി.,അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, യുവജനം, മാദ്ധ്യമം, ദൈവവിളി) മുൻമാസ റിപ്പോർട്ട് അവതരിപ്പിക്കുന്നു.
8. റിപ്പോർട്ടിൻമേൽ ചർച്ച
9. വരും മാസത്തിലെ പദ്ധതി അവതരണവും നടപ്പാക്കൽ രീതി

# ആനിമേറ്റർമാരുടെ പ്രവർത്തനങ്ങൾ

*ശുശ്രൂഷകളെ ബി.സി.സി. കളിലൂടെ പ്രവർത്തനക്ഷമമാക്കുന്നതിനും അതുവഴി ബി.സി.സി.കളും ശുശ്രൂഷകളും ശക്തിപ്പെടുത്തുന്നതിനും ഇടവകകൾതോറും സന്ദർശനം നടത്തി ആനിമേറ്റർമാർ വിവിധ പ്രവർത്തനങ്ങളിലേർപ്പെടുന്നു. ആനിമേറ്റർമാരുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.*

**അഞ്ചുതെങ്ങ് ഫൊറോന**

**വെണ്ണിയോട്**

അഞ്ചുതെങ്ങ് ഫൊറോന മതബോധന ഡയറക്ടർ റവ. ഫാ. റോബിൻസന്റെ അദ്ധ്യക്ഷതയിൽ മതബോധന വാർഷികം നടത്തി. കുട്ടികളുടെ കൈയ്യെഴുത്തു മാസിക പ്രകാശനം ചെയ്തു. മതബോധന പരീക്ഷയിൽ സമ്മാനാർഹരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളുടെ കലാപരിപാടികൾ നടത്തി.

ജൂൺ, ജൂലൈ മാസങ്ങളിൽ ഓരോ യൂണിലും വാർഷികം നടത്തി. കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലിയും തുടർന്ന് സ്കൂൾ വാർഷികവും നടത്തി.

ജൂൺ 11-ന് ജനറൽ ബോഡി യോഗം കൂടി. 22 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ പങ്കെടുത്തു.യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു.

യുവജനദിനമായ ജൂലൈ 4 - ന് കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ ആഘോഷപൂർവമായ ദിവ്യബലി അർപ്പിച്ചു അതിനോടനുബന്ധിച്ച് അർധദിന സെമിനാർ റവ. ഫാ. മരിയ മൈക്കിളിന്റെ നേതൃത്വത്തിൽ നടത്തി. കെ സി വൈ എമ്മിൽ പുതിയ അംഗങ്ങളെ ചേർത്തു. പാരിഷ് കൗൺസിൽ അംഗങ്ങൾ ഒരുക്കിയ വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം സെമിനാർ സമാപിച്ചു.

**മൂങ്ങോട്:**

വൈദിക വർഷസമാപനത്തോടനുബന്ധിച്ച് ജൂൺ 27-ന്



യെക്കുറിച്ചുള്ള ചർച്ചയും

10.സ്വയം പ്രേരിത പ്രാർത്ഥനയോടെ യോഗം അവസാനിക്കുന്നു.

ഉപസംഹാരം (അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനം)

സഭയുടെ ഏക ദൗത്യം സുവിശേഷവത്ക്കരണമാണ്. ദുർവാർത്തകളെക്കുറിച്ചുള്ള അവബോധം ദൗത്യനിർവ്വഹണത്തിന് നമ്മെ ഉത്തേജിപ്പിക്കുന്നു. സഭ ദൈവജനം ആകയാൽ ജനം മുഴുവനും സഭാദൗത്യത്തിൽ പങ്കുചേരണം. സഭാ ദൗത്യം അതിരൂപതയിൽ ശുശ്രൂഷകളിലൂടെയാണ് യാഥാർത്ഥ്യമാക്കപ്പെടുന്നത്. ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും ശുശ്രൂഷകരായി രൂപപ്പെടുത്തി സഭാദൗത്യം നിറവേറ്റുവാൻ വേണ്ടിയാണ് അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനം അതിരൂപതയുടെ അജപാലന സമീപനമായി സ്വീകരിച്ചിരിക്കുന്നത്.

അടിസ്ഥാന ക്രൈസ്തവ സമൂഹതലം, ഇടവക ശുശ്രൂഷ സമിതിതലം, ഇടവക അജപാലന സമിതി, ഫൊറോന ശുശ്രൂഷ സമിതി, രൂപത അജപാലന സമിതി എന്നീ തലങ്ങളിൽ അത്മായ-സന്യാസ-വൈദിക ശുശ്രൂഷകൾ സജ്ജീവമാകുമ്പോഴാണ് അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനത്തിലൂടെ സഭാദൗത്യം നിർവ്വഹിക്കപ്പെടുന്നത്. വിവിധ തലങ്ങളിലെ ശുശ്രൂഷപ്രവർത്തന ഏകോപനനവും കണ്ണിചേർക്കലും ഇതിനത്യന്താപേക്ഷിതമാണ്.

> "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ,പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും. ആരംഭംമുതൽ എന്നോടു കൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും. (യോഹ. 15: 26-27)

ആഘോഷപൂർവമായ വിദ്യബലിയും തുടർന്ന് ബി സി സി യൂണിറ്റ് അംഗങ്ങളും വിവിധ സംഘടനാംഗങ്ങളും ഇടവക വികാരിയായ റവ. ഫാ. സനു ഔസേപ്പിന് ആശംസകൾ അർപ്പിച്ചു. ഉപഹാരങ്ങൾ നൽകി. 20 ന് ദിവ്യബലിയ്ക്കുശേഷം മതബോധനപരീക്ഷയ്ക്ക് രൂപതാതലത്തിൽ 3-ാം റാങ്ക് നേടിയ മേരിഷൈനിക്കും ഫെറോനാതലത്തിൽ ഒന്നാം ക്ലാസ്സ് വാങ്ങിയ ജിഷയ്ക്കും റ്റംഗിളിനും സമ്മാനങ്ങൾ നല്കി അനുമോദിച്ചു. ജൂൺ മാസത്തിലെ ലീഡേഴ്സ് മീറ്റിംഗിൽ ഷൈലജാ റ്റൈറ്റസിനെ പുതിയ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുത്തു. യുവജനദിനത്തോടനുബന്ധിച്ച് ജൂലൈ 4- ന് കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് പതാക ഉയർത്തി മീറ്റിംഗ് നടത്തി. കലാപരിപാടികൾ മധുരപലഹാരങ്ങൾ വിതരണം എന്നിവയും ഉണ്ടായിരുന്നു. ഇതിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച ലീഡേഴ്സ് മീറ്റിംഗ് നടക്കുന്നു. യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു. ആനിമേറ്റർ പങ്കെടുത്തു.

**താഴമ്പള്ളി**

റവ. ഫാ. ബിജു (OFM Cap) ന്റെ നേതൃത്വത്തിൽ മതബോധന കുട്ടികൾക്ക് അർധദിന സെമിനാർ നടത്തി.

ജൂലൈ 4 ന് യുവജനദിനത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലിക്ക് ശേഷം കെ സി വൈ എം അംഗങ്ങൾ സത്യപ്രതിജ്ഞ നടത്തി. +1, +2, കെ സി വൈ എം അംഗങ്ങൾക്കായി 'യുവജനങ്ങളും സഭയും' എന്ന വിഷയത്തെക്കുറിച്ച് ബ്ര. അസ്സീസി ജോൺ ക്ലാസെടുത്തു. ജൂലൈ -11 ന് കെ സി വൈ എമ്മിന്റെ ഫെറോന ഡയറക്ടർ റവ. ഫാ. ജോൺ ബോസ്കോയും എക്സിക്യൂട്ടീവും ഇടവക സന്ദർശനം നടത്തി.

ജൂലൈ 3- ന് ജനറൽ ബോഡി കൂടി. 32 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ പങ്കെടുത്തു. രണ്ടു യൂണിറ്റുകളുടെ വാർഷികം സംഘടിപ്പിച്ചു ഇതിൽ മത്സരവും സമ്മാനവും നൽകി.

യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു.

**മാമ്പള്ളി**

മതാദ്ധ്യാപകരുടെ യോഗം എല്ലാമാസവും ആദ്യത്തെ ഞായറാഴ്ച കൂടുന്നു. 2 വിദ്യാർത്ഥികൾ ദൈവവിളി സ്വീകരിച്ച് പരിശീലനത്തിനായി പോയി.



ജൂൺ 26-ാം തീയതി വിശുദ്ധ അലോഷ്യസ് യൂണിറ്റിലെ കുട്ടികളുടെ ബി സി സി വാർഷികം നടത്തി.

20-ാം തീയതി യുവതിയുവാക്കൾക്ക് വികാരിയച്ചൻ (റവ. ഫാ. ശാന്തപ്പൻ ) ക്ലാസെടുത്തു.

26-ാം തീയതി 2 അക്രൈസ്തവ സഹോദരങ്ങൾ ക്രിസ്തീയസഭയിലേക്ക് ചേർന്ന് സഭാ വിശ്വാസം സ്വീകരിച്ചു.
എല്ലാമാസവും 2-ാം ശനിയാഴ്ച ഉച്ചകഴിഞ്ഞ ലീഡേഴ്സ് യോഗം കൂടിവരുന്നു.

യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു.

**അരയതുരുത്തി**

മൂന്നാമത്തെ ഞായറാഴ്ച ലീഡേഴ്സ് മീറ്റിംഗ് നടത്തി.
യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നുണ്ട്.
യുവജനദിനത്തിൽ കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ ദിവ്യബലി നടത്തി

**അഞ്ചുതെങ്ങ്**

എല്ലാ മാസത്തിലെയും എല്ലാ ശനിയാഴ്ചയും 4-ാമത്തെ ബുധനാഴ്ചയും വാർഡുതല മീറ്റിംഗ് മുടക്കം കൂടാതെ നടന്നുവരുന്നു.

യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു.

**പൂന്തുറ**

10 -ാം തീയതി ഞായറാഴ്ച ലീഡേഴ്സ് യോഗം നടന്നു. 40 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സിസ്റ്ററും ഈ യോഗത്തിൽ പങ്കെടുത്തു. യൂണിറ്റ് യോഗങ്ങൾ മുടക്കം കൂടാതെ നടക്കുന്നു.

**അയിരൂർ**

2-ാമത്തെ ഞായറാഴ്ച ലീഡേഴ്സ് യോഗം നടന്നു. യൂണിറ്റ് യോഗങ്ങൾ മുടങ്ങാതെ നടക്കുന്നുണ്ട്. യുവജനദിനത്തിൽ കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലി നടത്തി.

**ആറ്റിങ്ങൽ**

യൂണിറ്റ് യോഗങ്ങൾ മുടക്കംകൂടാതെ നടക്കുന്നു. യുവജനദിനം കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലി നടത്തി.

ക്രമപ്പെടുത്തി. അതാത് യൂണിറ്റ് പരിധിയിൽ വരുന്നവർ അതാത് യൂണിറ്റിൽ അംഗങ്ങൾ ആകണമെന്ന് തിരുമാനം. നല്ല ഇടയൻ യൂണിറ്റിനെ രണ്ടായി വിഭജിച്ച് വിശുദ്ധ പത്താം പീയൂസ് യൂണിറ്റ് എന്ന ആറാമത്തെ യൂണിറ്റ് കൂടി രൂപംകൊണ്ടു. മെഡിക്കൽ കോളേജിലെ നിർധനരായ 200 ഓളം രോഗികൾക്കുള്ള ഒരു ദിവസത്തെ അന്നദാനത്തിനായി 2000 രൂപ സെന്റ് ഫ്രാൻസിസ് അസ്സിസ്സി യൂണിറ്റ് സംഭവാന നൽകി.

**മുട്ടട: ഹോളിക്രോസ് ചർച്ച്**

എല്ലാ മാസത്തിന്റേയും അവസാനത്തെ ഞായറാഴ്ച ലീഡേഴ്സ് യോഗം നടത്തുന്നു. കഴിഞ്ഞമാസം 21 യൂണിറ്റുകളിൽ നിന്ന് 45 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ജൂലൈ മാസത്തെ വചനഭാഗത്തെക്കുറിച്ച് വിശദീകരണം ലീഡേഴ്സിന് കൊടുക്കുകയുണ്ടായി.

**പോങ്ങുംമൂട്: സെന്റ് മേരീസ് ദേവാലയം**

ഇടവകയിലെ 9 യൂണിറ്റുകളും നല്ല രീതിയിൽ നടക്കുന്നു. യൂണിറ്റുകളുടെ പുനർരൂപീകരണത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുന്നു. എല്ലാ യൂണിറ്റ് യോഗങ്ങളിലും ബഹു. വികാരിയുടേയും സിസ്റ്റേഴ്സിന്റേയും, കോർഡിനേറ്ററുടേയും സാന്നിധ്യം ഉണ്ട്. കാര്യവട്ടം, തുണ്ടത്തിൽ, ഞാണ്ടൂർക്കോണം എന്നീ ഇടവകകളിൽ ഈ മാസം ലീഡേഴ്സ് യോഗം നടന്നില്ല. യൂണിറ്റ് യോഗങ്ങൾ എല്ലാ ഇടവകകളിലും നടന്നു.

ജൂലൈ 7–ാം തീയതി സംയുക്ത ആനിമേറ്റർമാരുടെ യോഗം ബഹു. ഫെറോന വികാരി ഫാ. ജെയിംസ് കുലാസിന്റെ നേതൃത്വത്തിൽ നടന്നു. മൂന്ന് ശുശ്രൂഷകളുടെയും ആനിമേറ്റർമാർ റിപ്പോർട്ട് അവതരിപ്പിച്ച്, വിലയിരുത്തുകയും ചെയ്തു. ഓരോ ശുശ്രൂഷകൾക്കും റിസോഴ്സ് ടീം രൂപീകരിക്കുക, റിന്യൂവൽ പ്രോഗ്രാം നടന്ന ഇടവകകളിലെ ഫോളോ അപ് റിന്യൂവൽ നടക്കാത്ത ഇടവകകളിൽ പ്രോഗ്രാം ൽ എന്നിവ നിർദ്ദേശിക്കപ്പെട്ടു.

ജൂലൈ 11– ന് ഫൊറോന എക്സിക്യൂട്ടീവ് യോഗം മൺവിളയിൽ വച്ച് പ്രീസ്റ്റ് കോർഡിനേറ്റർ ബഹു. ഫാ. ആന്റണി ഒ എഫ്. എമ്മിന്റെ നേതൃത്വത്തിൽ ചേർന്നു. ബി സി സി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ജൂലൈ മാസം നടത്താനിരുന്ന കമ്മിഷൻ മീറ്റിംഗ് മാറ്റിവച്ചിരിക്കുന്നു.

– മേരി വാസ് സി സി ആർ



ഫൊറോന കമ്മിഷൻ മീറ്റിംഗ് ജൂലൈമാസം 17–ാം തീയതി മാമ്പള്ളി ഇടവകയിൽ വച്ച് പുതിയ വൈദിക കോഡിനേറ്റർ റവ. ഫാ. ശാന്തപ്പന്റെ നേതൃത്വത്തിൽ കൂടി. അയൂർ ഇടവക ഒഴികെ ബാക്കി എല്ലാ ഇടവകയിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു.

**പേട്ട ഫെറോന**

സെന്റ് ആൻസ് ഫെറോന ദേവാലയത്തിൽ ബഹു. ഫെറോന വികാരിയുടെ നേതൃത്വത്തിൽ ലീഡേഴ്സ് യോഗം നടന്നു. 42 അംഗങ്ങൾ പങ്കെടുത്തയോഗം പ്രധാനമായും നാല് കാര്യങ്ങൾ ചർച്ച ചെയ്തു. 1. കെ ആർ എൽ സി സിയുടെ സമാപനദിനത്തിന് ഇടവകയിലെ എല്ലാ ഭാരവാഹികളേയും പങ്കെടുപ്പിക്കുക. 2. ഇടവക മധ്യസ്ഥയായ വി. അന്നമ്മയുടെ തിരുനാൾ ജൂലൈ 25 ന് കൊടിയേറി. ആഗസ്റ്റ് 1 ന് സമാപിക്കുന്നവിധം ആഘോഷിക്കുക. 3. തിരുനാളിനോട് അനുബന്ധിച്ചുള്ള ധ്യാനത്തിന് ബഹു. ബോബി ജോസ് കട്ടിക്കാട്ട് അച്ചനെ നേതൃത്വത്തിനായി ക്ഷണിക്കുക, 4. ഇടവക ഡയറക്ടറി എത്രയും വേഗം പൂർത്തിയാക്കുക.

**മൺവിള ലിറ്റിൽ ഫ്ളവർ ചർച്ച്**

ജൂലൈ 4 ന് യൂണിറ്റ് ഭാരവാഹികളുടെ യോഗം നടന്നു. 25 അംഗങ്ങൾ സംബന്ധിച്ചു. ആറിൽ ഉള്ളതിൽ 2 യൂണിറ്റുകൾ റിപ്പോർട്ട് അതവരിപ്പിച്ചില്ല. ഇടവകയിലെ വിദ്യാഭ്യാസ ഫണ്ടിൽ നിന്ന് നിർധനരായ മൂന്നുകുട്ടികൾക്ക് ലോൺ കൊടുക്കാനുള്ള തീരുമാനം നടപ്പിലാക്കി. യൂണിറ്റ് യോഗങ്ങൾ 2–ാമത്തെ ശനിയും, ഞായറും നടത്തിയാൽ കൊള്ളാമെന്ന് അഭിപ്രായമുണ്ടായി. ഇതുവഴി ഭാരവാഹികളുടേയും, ഇടവക സമിതിയുടേയും യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം യൂണിറ്റുകളിൽ അറിയിക്കാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടു. ആഗസ്റ്റ് മാസത്തിൽ മതബോധന വാർഷികം നടത്താൻ തീരുമാനിച്ചു.

**കുമാരപുരം** – വിശുദ്ധ പത്താം പീയൂസ് ദേവാലയത്തിൽ ബഹു. വികാരി അച്ചന്റെ അധ്യക്ഷതയിൽ ആദ്യത്തെ ഞായറാഴ്ച ലീഡേഴ്സ് യോഗം നടന്നു. 50 –ൽ യോഗത്തിൽ 30 അംഗങ്ങൾ ധനാഗമമാർഗ്ഗങ്ങൾ പേർ പങ്കെടുത്തു. ചർച്ചചെയ്യപ്പെട്ട കാര്യങ്ങൾ: (1) കുരിശടിയുടെ നിർമാണത്തിന്റെ സാമ്പത്തികം കണ്ടുപിടിക്കുക യൂണിറ്റുകളിൽ നിന്ന് വിട്ടുനിൽക്കുന്ന കുടുംബങ്ങളെ തിരിച്ചുകൊണ്ടുവരാനുള്ള നടപടികൾ. (3) ഏരിയ ബേയ്സിൽ യൂണിറ്റുകളെ

*പാളയം ഫെറോന*

ഫെറോനാതലം: പാളയം ഫെറോനയുടെ ബി സി സി വൈദിക കോർഡിനേറ്റർ ആയി റവ. ഫാ. ക്ലീറ്റസ് വിൻസെന്റ് ചാർജ്ജെടുത്തു; ഫൊറോന ഭാരവാഹികൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ബി സി സി കമ്മിഷൻ യോഗത്തിനും റിസോഴ്സ് ടീം പരിശീലനത്തിനും വേണ്ട ക്രമീകരണങ്ങൾ ചെയ്തു. കമ്മിഷൻ യോഗത്തെ തുടർന്ന് റിസോഴ്സ് ടീം പരിശീലനം 25-07-2010 ൽ നടന്നു. റവ. ഫാ. എഡിസണ്‍ അധ്യക്ഷത വഹിച്ചു. ബി സി സി യൂണിറ്റുകളിൽ കുറച്ചുകൂടി കാര്യക്ഷമവും, ഫലദായകവുമാക്കുന്നതിനുള്ള ചർച്ചകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും മുഖ്യപ്രാധാന്യം കൊടുത്തു. യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു പ്രത്യേക ഫോറം രൂപപ്പെടുത്തി; അടുത്തമാസം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു. രൂപതാ പ്രസിദ്ധീകരണമായ 'ജീവനും വെളിച്ചവും' കൂടുതൽ വരിക്കാരെ കണ്ടെത്തി സർക്കുലേഷൻ കൂട്ടുന്നതിന് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ചയ്യാൻ തീരുമാനിച്ചു. റവ. ഫാ. എഡിസണ്‍ ചർച്ചകൾക്കും, ആശയങ്ങളുടെ ക്രോഡീകരണത്തിനും നേതൃത്വം നൽകി.

*ഇടവക പ്രവർത്തനങ്ങൾ*

1. മലമുകൾ - യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. ബ്രദേഴ്സിന്റെ സഹായമുണ്ട്. പഠനോപകരണങ്ങളുടെ വിതരണം നടന്നു. മുടങ്ങിക്കിടന്ന ലീഡേഴ്സ് മീറ്റിംഗ് പുനഃരാരംഭിക്കാൻ കഴിഞ്ഞില്ല.

2. കാച്ചാണി: യൂണിറ്റ് യോഗങ്ങൾ മാസത്തിൽ രണ്ടുവീതം നടന്നു. ലീഡേഴ്സ് യോഗം നടന്നില്ല. കുടപ്പനക്കുന്നിൽ നിന്നുള്ള ബ്രദേഴ്സിന്റെ സേവനം ലഭിക്കുന്നു.

3. നെട്ടയം: യൂണിറ്റ് യോഗങ്ങൾ നടന്നു. പങ്കാളിത്തം കൂടുതലുണ്ട്. ബി സി സി അംഗങ്ങളും, കൗണ്‍സിൽ അംഗങ്ങളും ഇടവകയിൽ എല്ലാ രോഗികളേയും സന്ദർശിച്ചു പ്രാർത്ഥിച്ചു. ആവശ്യമായ സഹായം നൽകി.

4. കാഞ്ഞിരംപാറ: എല്ലാ യൂണിറ്റുയോഗങ്ങളും നടന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തിന് രണ്ടുയൂണിറ്റുകൾ ചേർന്ന് സാമ്പത്തികമായി സഹായിച്ചു.

5. കുടപ്പനക്കുന്ന്: എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. ലീഡേഴ്സ് യോഗം നടന്നു. ബ്രദേഴ്സിന്റെ സേവനം യൂണിറ്റുകളിൽ ലഭിക്കുന്നു.



6. വഴയില: യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. യൂണിറ്റുകൾ സജീവമാകുന്നതിന്റെ ഭാഗമായി ബ്രദേഴ്സും സിസ്റ്റേഴ്സും എല്ലാ ഭവനങ്ങളും സന്ദർശിക്കുന്നതിനുള്ള ശ്രമം തുടരുന്നു. പള്ളി പണിക്കുള്ള ധനം സമാഹരിക്കുന്നതിന് എല്ലാ ഭവങ്ങളിലും ബോക്സ് നൽകി മാസംതോറും സംഭാവന സ്വീകരിക്കുന്ന പ്രവർത്തനം പുനഃരാരംഭിച്ചു. ദിവ്യബലി സജീവമാക്കുന്നതിന് യൂണിറ്റുകളിൽ നിന്നും അൾത്താരബാലകർ, വായനകൾക്കുള്ള ആളുകൾ, ഗായകർ എന്നിവരെ കണ്ടെത്തി പരിശീലിപ്പിക്കുവാൻ തീരുമാനിച്ചു. സജീവരല്ലാത്ത ഭാരവാഹികളെ സജീവരാക്കാനുള്ള ശ്രമം വികാരിയച്ചൻ തുടങ്ങി. ലീഡേഴ്സ് യോഗം നടന്നു.

7. നന്തൻകോട്: യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. ലീഡേഴ്സ് മീറ്റിംഗ് നടന്നില്ല. കോ-ഓർഡിനേറ്റർ രാജിവച്ചു. പകരം ഏർപ്പാടുകൾ ആയില്ല.

8. കുറവൻകോണം: പതിവുപോലെ കൃത്യമായി രണ്ടാംശനിയാഴ്ച യൂണിറ്റ് യോഗം നടന്നു. വിൻസന്റീപോൾ സംഘടനയുടെ സജീവ പ്രവർത്തകർ, കാരുണ്യ പ്രവർത്തികളിൽ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഏർപ്പെടുന്നു.

9. വെള്ളയമ്പലം: എല്ലാ ബി സി സി യൂണിറ്റുകളും നിശ്ചയിച്ചിട്ടുള്ള ദിവസം തന്നെ കൂടുന്നു. കോർഡിനേറ്റർ, റിസോഴ്സ് ടീം അംഗങ്ങൾ ഇടവക വികാരിയും യൂണിറ്റ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നു. മതബോധന വിദ്യാർത്ഥികളുടെ വാർഷികം എല്ലാ യൂണിറ്റുഭാരവാഹികളുടേയും പൂർണസഹകരണത്തോടെ വിവിധ പരിപാടികളോടെ നടന്നു. സാമ്പത്തിക സഹായം അർഹതപ്പെട്ടവർക്ക് കൂട്ടായ തീരുമാനപ്രകാരം നൽകുന്നു.

10. ക്രിസ്തുരാജപുരം: യൂണിറ്റ് യോഗങ്ങളും ലീഡേഴ്സ് യോഗവും നടന്നു. പാവപ്പെട്ട ഒരു കുടുംബത്തിന് വീടിന്റെ അറ്റകുറ്റപ്പണികൾക്ക് സാധനമായും ധനമായും സഹായിക്കുവാനുള്ള ശ്രമം എല്ലാ യൂണിറ്റുഭാരവാഹികളും നടത്തുന്നു.

11. കുലശേഖരം: യൂണിറ്റുയോഗങ്ങളും ലീഡേഴ്സ് യോഗവും നടന്നു. ഇടവകത്തിരുനാൾ ആയിരുന്നു ചർച്ചാവിഷയം. കൂട്ടായ അഭിപ്രായ സമന്വയത്തിലൂടെ തിരുന്നാൾ പരിപാടികൾ ആസൂത്രണം ചെയ്ത് വളരെ മാതൃകാപരമായ രീതിയിൽ തിരുനാൾ ആഘോഷിക്കുവാൻ കഴിഞ്ഞു. മുന്നൊരുക്കമായി, ഭവനസന്ദർശ

നം, ധ്യാനം, അവശതയനുഭവിക്കുന്ന വൃദ്ധരുടെ കൂടിവരവ്, 9600 രൂപയുടെ പഠനസഹായം നല്കൽ മുതലായവ നടന്നു.

12. പാളയം: എല്ലാ യൂണിറ്റ് യോഗങ്ങളും വാർഡ് യോഗങ്ങളും ഇടവക സ്വന്തമായി തയ്യാറാക്കിയ പ്രത്യേക യോഗക്രമമനുസരിച്ച് നടന്നു. രണ്ടുമാസത്തിലൊരിക്കലാണ് ലീഡേഴ്സ് യോഗം. ആയതിനാൽ ഈ മാസം നടന്നില്ല.

13. പൂഴിക്കുന്ന്: യൂണിറ്റ് യോഗങ്ങളും ലീഡേഴ്സ് യോഗവും നടന്നു. മുതിർന്നശേഷം മാമോദീസാ സ്വീകരിച്ചവർക്ക് പ്രത്യേക അജപാലനശ്രദ്ധയും മതബോധനവും നൽകാൻ തീരുമാനിച്ചു.

14 *തൃക്കണ്ണാപുരം*: കോർഡിനേറ്ററും റിസോഴ്സ് ടീം അംഗങ്ങളും എല്ലാ യൂണിറ്റ് യോഗങ്ങളിലും സംബന്ധിക്കുന്നു. കാർമൽ ഹില്ലിൽ നിന്നുള്ള ബ്രദേഴ്സിന്റേയും സേവനം ലഭിക്കുന്നു. പള്ളി പണിക്കുള്ള അംഗീകാരം ഗവ. സമ്പാദിച്ചു. തുടർപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നു. ലീഡേഴ്സ് യോഗം നടന്നു.

15 *പുന്നയ്ക്കാമുഗൾ*: എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. ലീഡേഴ്സ് യോഗസമയം ഇടവക പള്ളിയുടെ മുറ്റവും പരിസരവും ശുദ്ധീകരിക്കുന്നതിൽ ലീഡർമാർ വ്യാപൃതരായി. ആഗസ്റ്റ് ഒന്നാം തീയതി ഇടവക നവീകരണത്തിന്റെ രണ്ടാം ഘട്ടത്തിനുള്ള ഒരുക്കങ്ങളിൽ എല്ലാവരും ഏർപ്പെട്ടിരിക്കുകയാണ്.

16. *മുടവൻമുഗൾ:* ഒന്നൊഴികെ എല്ലാ യൂണിറ്റുയോഗങ്ങളും നടന്നു. ലീഡേഴ്സ് യോഗം നടന്നില്ല. ഫെറോന കമ്മിഷൻ മീറ്റിംഗിൽ പങ്കാളിത്തം ഇല്ലായിരുന്നു.

17. *കിള്ളിപ്പാലം*: യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. റിസോഴ്സ് ടീം രൂപീകരിച്ചു. ലീഡേഴ്സ് യോഗം നടന്നു. ഫെറോനാ പരിപാടികളിൽ പങ്കാളിത്തം ഉണ്ടായിരുന്നു.

18. *തൈക്കാട്:* യൂണിറ്റുയോഗങ്ങൾ എല്ലാം നടന്നു. ലീഡേഴ്സ് യോഗം നടന്നു. റിസോഴ്സ് ടീം രൂപീകരിച്ചു. ഫെറോന റിസോഴ്സ് ടീം പരിശീലനത്തിൽ പങ്കാളിത്തം ഉണ്ടായിരുന്നു.

19. *മണക്കാട്:* യൂണിറ്റ്യോഗങ്ങൾ എല്ലാം നടന്നു. നോട്ടുബുക്കുകൾ പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തു. ലിഡേഴ്സ് മീറ്റിംഗ് മുടങ്ങിക്കിടക്കുന്നു. ഫെറോനാ പരിപാടികളിൽ പങ്കാളിത്തം ഉണ്ട്.

**കോവളം**

ഫെറോനയിലെ 13 ഇടവകകളിൽ 11 യൂണിറ്റ് യോഗങ്ങൾ യഥാക്രമം മാസത്തിൽ നാല്, ഒന്ന്, രണ്ട് തവണകളായി നടത്തിവരു



ന്നു. ഇടയാർ, പരുത്തിക്കുഴി എന്നീ ഇടവകകളിൽ യൂണിറ്റ് യോഗങ്ങൾ പലപ്പോഴും മുടങ്ങുന്നുണ്ട്. വിഴിഞ്ഞം, പൂന്തുറ എന്നീ ഇടവകകളിൽ വാർഡ് യോഗങ്ങൾ മാസത്തിൽ ഒരു പ്രാവശ്യം കൂടിവരുന്നു.

*വിഴിഞ്ഞം:*

യൂണിറ്റ് യോഗങ്ങൾ ആഴ്ചയിൽ ഒന്നും വാർഡ് യോഗങ്ങൾ മാസത്തിൽ ഒരു പ്രാവശ്യവും കൂടിവരുന്നു. ജൂലൈ ആദ്യ ഞായർ ഇടവക ജനറൽ ബോഡി കൂടി. 548 ൽ 120 പേർ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. ഡേവിഡ്സൺ, റവ. ഫാ. സോളമൻ എന്നിവരുടെ നേതൃത്വത്തിലാണ് യോഗം കൂടിയത്. റിപ്പോർട്ട് അവതരണവും ചർച്ചയും നടത്തി.

*പൂന്തുറ:*

ബഹുമാനപ്പെട്ട ഇടവക വൈദികരുടേയും, സിസ്റ്റേഴ്സിന്റെയും, ബ്രദേഴ്സിന്റെയും, കോർഡിനേറ്ററുടെയും നേതൃത്വത്തിൽ ഇടവകയിലെ വാർഡുതല യോഗങ്ങളും ഇടവകയോഗങ്ങളും കൃത്യമായി നടത്തിവരുന്നു. ഓരോ വാർഡിൽ നിന്നും ബി സി സി റിസോഴ്സ് ടീമിനെ തിരഞ്ഞെടുത്തു.

*പാലപ്പൂര്:*

യൂണിറ്റ് യോഗങ്ങൾ കൃത്യമായി നല്ല പങ്കാളിത്തത്തോടെ നടത്തിവരുന്നു. ജൂലൈ ആദ്യ ഞായർ ഇടവക ജനറൽ ബോഡി കൂടുകയുണ്ടായി. ഇടവക വികാരി റവ. ഫാ. ആന്റണി റിബല്ലോ ഐ വി ഡിയുടെ നേതൃത്വത്തിൽ ചേർന്ന ഈ യോഗത്തിൽ 44 ലീഡേഴ്സ് 6 യൂണിറ്റുകളിൽ നിന്നായി പങ്കെടുത്തു. യൂണിറ്റുകളുടേയും വിവിധ ശുശ്രൂഷാ സമിതികളുടേയും റിപ്പോർട്ട് അവതരിപ്പിച്ചു.

*ഇടയാർ:*

ജൂലൈ 18 ന് അതിരൂപതാ ബി സി സി കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. എഡിസന്റെ നേതൃത്വത്തിൽ ഇടവക നവീകരണം നടത്തി. അഞ്ച് സിസ്റ്റേഴ്സും ഒരു അൽമായ സഹോദരനും ചേർന്ന് ഭവനങ്ങൾ സന്ദർശിച്ചു.

- സി ഗൊരേറ്റി തോമസ് എം എസ് എസ് റ്റി.

**പുല്ലുവിള ഫെറോന**

**ഫെറോനതലം**

ജൂലൈ 7 ന് സംയുക്ത ആനിമേറ്റർമാരുടെ യോഗത്തിൽ

മൂന്ന് ശുശ്രൂഷകളുടെയും ആനിമേറ്റേഴ്സ് റിപ്പോർട്ട് അതവരിപ്പിച്ചു, വിലയിരുത്തി.

കെ ആർ എൽ സി സി. 16-ാമത് സമ്മേളനത്തിൽ പുല്ലുവിള ഫെറോനയിലെ 11 ഇടവകകളിൽ 9 ഉം  പങ്കെടുത്തു.
പുല്ലുവിള ഫെറോന ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠ പുല്ലുവിള ഫെറോനയിൽ ദൈവീക വർഷ സമാപനം, പുല്ലുവിള ഇടവകയുടെ മധ്യസ്ഥനായ യാക്കോസ്ലീഹായുടെ തിരുനാൾ എന്നീ ആഘോഷങ്ങൾ ജൂലൈ 25 ന് അതിരൂപതാ അധ്യക്ഷൻ സൂസപാക്യം പിതാവിന്റെ അധ്യക്ഷതയിൽ രൂപതയിലെയും ഫെറോനയിലേയും ഒത്തിരി വൈദികരുടേയും അനേകായിരം ദൈവജനത്തിന്റേയും, രൂപതയിലെ വിവിധ സഭയിലെ സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളോടെ  നടന്നു. 91 ബി സി സി യൂണിറ്റുള്ള പുല്ലുവിള ഇടവക ജനത്തിന്റെ 2 വർഷത്തെ കൂട്ടായ പ്രയത്നത്തിന്റെ ഫലമായിട്ടാണ് ദേവാലയ പുനർനിർമ്മാണം നടന്നത്.  എപ്പിസ്കോപ്പൻ വികാരി നിക്കോളാസ്റ്റിയും സഹവികാരിമാരും  ഇതിന്റെ ചുക്കാൻ പിടിച്ചു.

ജൂലൈ 10 ന് പുതിയതായി ചാർജ് എടുത്ത പ്രീസ്റ്റ്-കോർഡിനേറ്റർ ഫാ. പ്രദീപ് ജോസഫിന്റെ നേതൃത്വത്തിൽ ബി സി സി കമ്മിഷൻ മീറ്റിംഗ് കൂടി.  25 പേർ പങ്കെടുത്തു.  പൊഴിയൂർ ഇടവകയിൽ നിന്നും, ചൊവ്വര സബ് സ്റ്റേഷനിൽ നിന്നും പങ്കാളിത്തം ഉണ്ടായില്ല.  എല്ലാ ഇടവകയുടേയും റിപ്പോർട്ടിംഗ് കഴിഞ്ഞ് ലൂർദ്ദുപുരം ഇടവകയിലെ  നെൽസൺ സാർ ഒരു ഉത്തമ ബി സി സി  ലീഡറിന് ഉണ്ടാകേണ്ട ഗുണങ്ങൾ നന്മകളും വചനാധിഷ്ടമായി, ക്ലാസ് എടുത്തു.  പ്രത്യേകമായി ക്രിസ്തീയ നേതൃത്വത്തിൽ നിൽക്കുന്നവർക്കുവേണ്ട 10 മൂല്യങ്ങൾ വ്യക്തമാക്കി.  കൂടാതെ നമ്മുടെ കുറവുകളെക്കുറിച്ചുള്ള ഭയം നമ്മെ നേതൃത്വത്തിൽ നിന്നും പിൻമാറാൻ പ്രേരിപ്പിക്കുന്ന എന്നും അതുകൊണ്ട് ഈ ഉൾഭയത്തെ അധിജീവിക്കാൻ എന്നും അതുകൊണ്ട് ഈ ഉൾഭയത്തെ നെഹേമിയാ പ്രവാചകന്റെ നേതൃത്വശൈലി നമ്മൾ സ്വന്തമാക്കണമെന്നും പറഞ്ഞു.  നെഹേമിയായുടെ പ്രവാചകതത്വത്തെക്കുറിച്ച്  ഉരിത്തിരി അമൂല്യങ്ങളായ അറിവുകൾ നല്ല ബോധ്യങ്ങളും ഉൾക്കൊഴ്ചയും പ്രധാനം ചെയ്തു.  ഈ ക്ലാസിനെക്കുറിച്ചുള്ള സ്റ്റഡി മെറ്റീരിയൽസ് പ്രിന്റുചെയ്തുകൊടുത്തത് വളരെ സഹായക്കമായി.



*അടിമലത്തുറ*

ജനറൽ ബോഡി കൂടി ജൂൺ മാസം തുടങ്ങി വികാരി, സിസ്റ്റേഴ്സ്, റിസോഴ്സ് ടീം എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനവും, തിരുഹൃദയപ്രതിഷ്ഠയും നടന്നുവരുന്നു.  ബി സി സിയുടെ നേതൃത്വത്തിൽ സ്വയം സഹായസംഗാംഗങ്ങളും  ചേർന്ന് ശുചീകരണം നടക്കുന്നു.

*കൊച്ചുപള്ളി:*

ഇവിടെ രണ്ടുമാസമായി ഞായറാഴ്ച ദിവ്യബലിക്ക് യൂണിറ്റുകൾ നേതൃത്വം കൊടുക്കുന്നു. യൂണിറ്റിന്റെ കാഴ്ചവയ്പുവസ്തുക്കൾ പൂജ കഴിഞ്ഞ ഉടനെ ലേലം  ചെയ്ത് അതാത് യൂണിറ്റിന് തന്നെ കൊടുക്കുന്നു.  തിരുനാളിനോട് അനുബന്ധിച്ച് ബി സി സി സംഗമം നടത്തി.

*പുല്ലുവിള:*

91 -ൽ  ഉള്ളതിൽ 90 ഉം സജീവമായി നടക്കുന്നു.  അഭിപ്രായഭിന്നതയും, സ്വരച്ചേർച്ചയുമില്ലാത്ത ദമ്പതികൾക്ക്, സിസ്റ്റേഴ്സ് വെവ്വേറെ മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

*പള്ളം:*

ജനറൽ ബോഡിയിൽ എടുത്ത തീരുമാനം അനുസരിച്ച് ഇടവകയ്ക്കുള്ളിൽ പാൻപരാഗ് കടകളും അരിഷ്ടതകകളും അടയ്പ്പിക്കാനുള്ള തീരുമാനം നടപ്പിലാക്കി.

*ലൂർദ്ദുപുരം:*

ജനറൽ ബോഡി കൂടി
വൈദീകവർഷ സമാപനം അർത്ഥപൂർണമായി സമാപിച്ചു.  ഞായറാഴ്ച ദിവ്യബലിയിൽ പ്രത്യേക വചനപ്രഘോഷണവും, പ്രാർത്ഥനയും നടത്തി.  ബി സി സി വാർഡ്തല കൺവെൻഷൻ ജൂലൈ -ആഗസ്റ്റ് മാസത്തിൽ 4 ഞായറാഴ്ചകളിൽ നാലു സ്ഥലങ്ങളിലായി നടക്കുന്നു. ജൂലൈ 25 ന് ആരംഭിച്ചു.

ജൂലൈ 26 ന് വിവിധ യൂണിറ്റുകൾ ചേർന്ന് പ്രത്യേക പ്രാർത്ഥനയും കൂട്ടായ്മയും ലൂർദ്ദുപുരം ഇടവകയുടെ കീഴിലുള്ള നമ്പ്യാതി ദേവാലയത്തിൽ വച്ചുനടത്തി.

*വെള്ളലുമ്പ്*

ഒരു യൂണിറ്റ് ഉള്ളത് വളരെ സജീവമായി ലൂർദ്ദുപുരം സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പോകുന്നു. ഫാദേഴ്സ് ഡേയിലെ  ദിവ്യ

ബലിയിൽ കുട്ടികൾ പിതാക്കന്മാർക്ക് പൂവ് കൊടുത്തു. പിതാക്കന്മാർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. കാഴ്ചവയ്പിന് നേതൃത്വം നൽകി. പിതാക്കന്മാരെ ആദരിക്കുന്ന വിവിധ പരിപാടികളോടെ ഫാദേഴ്സ് ഡേ സാഘോഷം കൊണ്ടാടി.

**കൊച്ചുതുറ**

കോർഡിനേറ്റർ ഇല്ലായിരുന്ന ഈ ഇടവകയിൽ പുതിയ കോഡിനേറ്ററെ ജനറൽ ബോഡിതെരഞ്ഞെടുത്തു.

മധ്യസ്ഥ തിരുനാളിന് ബി സി സി യൂണിറ്റുകൾ നേതൃത്വം കൊടുക്കുന്ന ശൈലിയിൽ മാറ്റി, മത്സ്യത്തൊഴിലാളികൾ, ഉദ്യോഗസ്ഥർ, വിദേശത്തുജോലിചെയ്യുന്നവർ എന്നിവർ തിരുനാളിനും, സ്നേഹവിരുന്നിനും നേതൃത്വം കൊടുത്തു. ഇതുമൂലം പുരുഷന്മാരുടെ പങ്കാളിത്തം കൂടുതലും ഉണ്ടായി.

ആറാം യൂണിറ്റിന്റെ വാർഷികം നടത്തി. പ്രസ്തുത യൂണിറ്റിന്റെ മധ്യസ്ഥനായ സെന്റ് തോമസ് ഡേയിൽ തിരുനാൾ ദിവ്യബലിക്ക് യൂണിറ്റ് നേതൃത്വം നൽകി.

**പരുത്തിയൂർ**

രണ്ട് യൂണിറ്റുകൾ ചേർത്ത് വചന വിചിന്തനത്തെക്കുറിച്ച് കൊല്ലംകോട് ഇടവകാംഗം ശ്രീ. ക്ലീറ്റസ് ക്ലാസ് എടുത്തു. ഇടവക മധ്യസ്ഥയായ വിശുദ്ധ മേരി മഗ്ദലീന്റെ തിരുനാൾ ഉചിതമായി കൊണ്ടാടി ദൈവജനം ആത്മീയ നിർവൃതി നേടി.

- സിസ്റ്റർ ആനി സി റ്റി സി

**തൂത്തൂർ ഫെറോന**

സെന്റ് തോമസ് ദേവാലയ പ്രതിഷ്ഠ

ജൂൺ 24-ാം തീയതി അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ റവ. മോൺ. യൂജിൻ പെരേര, റവ. മോൺ ജോൺ ഡി ബോസ്കോ നാൽപ്പതോളം വൈദികർ മുപ്പഞ്ചിൽപ്പരം സന്യാസിനികൾ ബഹു ഡോ. ജെപിയാർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ സെന്റ് തോമസ് ഫൊറോന ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ആഘോഷപൂർവ്വം നടന്നു. ബഹു. ഇടവക വികാരി ജോസഫ് പ്രസാദിന്റേയും, സഹവികാരി റവ. ഫാ. ആൻഡ്രൂസിന്റേയും നിരന്തരമായ പരിശ്രമവും, ഇടവകമക്കളുടെ കൂട്ടായ പ്രവർത്തനവും, ഊദാരമനസ്കതയും, കഠിനാദ്ധ്വാനവും, ത്യാഗമനോഭാവവും സ്നേഹവുമാണ് ഈ ദേവാ



ലയത്തിൽ സ്ഫുരിച്ചുനിൽക്കുന്നത്.

ദേവാലയത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കണമെന്നും ഇതൊരു ദൈവാനുഭവത്തിന്റേയും, ദൈവാനുഗ്രഹത്തിന്റെയും ഇടമായിരിക്കണമെന്നും അഭിവന്ദ്യപിതാവ് സന്ദേശപ്രസംഗത്തിലൂടെ വ്യക്തമാക്കി. ദിവ്യബലിയുടെ സമാപനവേളയിൽ തൂത്തൂർമണ്ണിൻ മക്കളായ ഏഴ് വൈദികർക്കും, ഈ ഫൊറോനയിലെ മറ്റ് എല്ലാ വൈദികർക്കും, സ്നേഹോപഹാരം നൽകി അനുമോദിച്ചു.

*ബി സി സി ഫെറോന കമ്മീഷൻ മീറ്റിംഗ്*

ജൂൺ മാസം 26 ന് രൂപത എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. എഡിസൻ, പ്രീസ്റ്റ് കോഡിനേറ്റർ, റവ. ഫാ. ജോൺ ബോസ്കോ, പൂന്തുറ ഇടവകവികാരി റവ. ഫാ. ഫ്രെഡി സോളമൻ എന്നിവരുടെ നേതൃത്വത്തിൽ ബി സി സി കമ്മിഷൻ മീറ്റിംഗ് നടത്തി. 55 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. എഡിസൺ ക്രൈസ്തവനേതൃത്വത്തെക്കുറിച്ച് ക്ലാസ് നയിച്ചു. തുടർന്ന് കോഡിനേറ്റേഴ്സ് ഇടവകകളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വിലയിരുത്തൽ നടത്തി. പ്ലാൻ അനുസരിച്ച് നടന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

ലീഡേഴ്സ് മീറ്റിംഗ് തൂത്തൂർ ഫെറോനയിലെ 8 ഇടവകകളിലും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തി. പുരുഷപങ്കാളിത്തം 4 ഇടവകകളിൽ വർധിച്ചിട്ടുണ്ട്. ഇടവകകളിലെ യൂണിറ്റ് യോഗങ്ങൾ നല്ല രീതിയിൽ നടക്കുന്നു. എന്നാൽ രണ്ട് ഇടവകകളിൽ യൂണിറ്റ് യോഗങ്ങൾ പേരിനുവേണ്ടി മാത്രം. മാർത്താണ്ഡംതുറ ഇടവകയിൽ വികാരിച്ചന്റേയും, സിസ്റ്റർ ആനിമേറ്ററിന്റെയും, കോർഡിനേറ്ററിന്റെയും സഹകരണത്തോടെ വാർഡുതലത്തിൽ സന്ദർശനവും, വീട് വെഞ്ചരിപ്പും നടത്തിവരുന്നു. പ്രശ്നങ്ങളുള്ള വീടുകൾ സന്ദർശിച്ചു കൗൺസിലിംഗ് നടത്തി ജീവിത ബോധ്യങ്ങളിലേക്ക് നയിക്കാൻ ശ്രമിക്കുന്നു.

ഇരവിപുത്തൻതുറ ഇടവകകളിൽ ജൂലൈ 8-11 വരെ പോട്ട വിൻസെൻഷ്യൽ ഫാദേഴ്സിന്റെ നേതൃത്വത്തിൽ പുതുവാൾ ധ്യാന സെന്ററിൽ വച്ച് ബൈബിൾ കൺവെൻഷൻ നടത്തി. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്ന് വിശ്വാസികൾ പങ്കെടുത്ത് ആത്മീയനവീകരണം നടത്തുന്നതിന് ഏറെ പ്രചോദനമേകി. 9 മുതൽ 11 വരെ ഇടവകയിൽ ആദ്യമായി തുടങ്ങിയ ഭരണസംഘട

ന-'യേശുസഭ'ക്കാരുടെ തിരുനാൾ സാഘോഷം ഭക്തിപൂർവ്വം നടത്തി. 60 അംഗങ്ങൾ ഈ സഭയിൽ പ്രവർത്തിക്കുന്നു.

ബി ബി ബി കമ്മിഷൻ മീറ്റിംഗ് ജൂലൈ 10 ന് തൂത്തൂർ ഇടവക കോൺഫറൻസ് ഹാളിൽ വച്ച് പ്രീസ്റ്റ് കോഡിനേറ്റർ - റവ. ഫാ. ജോൺ ബോസ്കോ, ഇടവകവികാരി റവ. ഫാ. ജോസഫ് പ്രസാദ് എന്നിവരുടെ അധ്യക്ഷതയിൽ നടത്തി. 54 പേർ പങ്കെടുത്ത യോഗത്തിൽ ആരാധനക്രമം, ദിവ്യബലിയുടെ ശ്രേഷ്ഠത പഴയനിയമാവലിയുടെ ചരിത്രപശ്ചാത്തലം, പുതിയ നിയമത്തിലെ - ബലി സ്നേഹവിരുന്ന് - എന്നിവയെക്കുറിച്ച് റവ. ഫാ. ജോൺ ബോസ്കോ വളരെ ലളിതമായ ശൈലിയിൽ ക്ലാസ് നയിച്ചു. തുടർന്ന് ഫെറോന സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. കോർഡിനേറ്റേഴ്സ് ഇടവക പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വിലയിരുത്തൽ നടത്തി. യോഗത്തിന്റെ സമാനപത്തിൽ ശ്രീ. ആന്റണി എല്ലാവർക്കും നന്ദി അർപ്പിച്ചു. ചായസൽക്കാരത്തോടെ യോഗം അവസാനിച്ചു.

ജൂലൈ 11 ഞായറാഴ്ച ഇ പി തുറയിൽ മണ്ഡപത്തിൽവച്ച് റവ. മോൺ. ജോൺ ഡി ബോസ്കോയുടെ അധ്യക്ഷതയിൽ ഫൊറോനയിലെ എല്ലാ വൈദികരുടേയും സാന്നിധ്യത്തിൽ ഫൊറോന കൗൺസിൽ മീറ്റിംഗ് നടത്തി. 8 ഇടവകകളിൽ നിന്നായി 82 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും കോളേജ് സംബന്ധമായ ചർച്ചകളും, മത്സ്യമേഖലയിലെ പ്രശ്നങ്ങളും ചർച്ചചെയ്തു. ജനങ്ങൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ജൂലൈ 19 -ാം തീയതി നാഗർകോവിൽ കളക്ട്രേറ്റിൽ ധർണ്ണ നടത്തുന്നതിന് തീരുമാനിച്ചു.
ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് 21/7 ന് നടത്തുന്നതിന് തീരുമാനിച്ചു. ഫെറോന പ്ലാൻ അനുസരിച്ച് റിസോഴ്സ് അംഗങ്ങളെ ഇടവകകളിലേക്ക് ക്ലാസ് കൊടുക്കുന്നതിന് തീരുമാനിച്ചു ●

"എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക, അവിടുന്ന് നൽകിയ അനുഗ്രഹം ഒന്നും മറക്കരുത്. അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു. നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു."
(സങ്കീ. 103:2-3)





# ഫെറോന വൈദിക കോ-ഓർഡിനേറ്റർമാരുടെ യോഗം

അജപാലനശുശ്രൂഷ സമിതി ഫെറോന വൈദിക കോ-ഓർഡിനേറ്റർമാരുടെ ഒരു യോഗം അതിരൂപതാ കോ-ഓർഡിനേറ്റർ ഫാദർ തോമസ് നെറ്റോയുടെ സാന്നിദ്ധ്യത്തിൽ അജപാലന ശുശ്രൂഷാഡയറക്ടർ ഫാദർ ലോറൻസ് കുലാസിന്റെ അദ്ധ്യക്ഷതയിൽ ജൂലൈ 14-ാം തീയതി ആനിമേഷൻ സെന്ററിൽ കൂടി. ഫാദർ ആന്റണി എസ്.ബി.യുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പങ്കെടുത്തവർ

1. ഫാദർ തോമസ് നെറ്റോ (കോ-ഓർഡിനേറ്റർ)
2. ഫാദർ ലോറൻസ് കുലാസ് (ഡയറക്ടർ)
3. ഫാദർ ഡേവിഡ് ഇടക്കലത്തൂർ ടഅഇ (പേട്ട ഫെറോന)
4 ഫാദർ റോബിൻസൺ. എഫ്. (അഞ്ചുതെങ്ങ് ഫെറോന)
5. ഫാദർ ജോസഫ് പെരേര (അഞ്ചുതെങ്ങ് ഫെറോന)
6. ഫാദർ ആന്റണി .എസ്.ബി. (പുല്ലുവിള ഫെറോന)
7. ഫാദർ ആന്റണി റെബല്ലോ (കോവളം ഫെറോന)
8. ഫാദർ എഡിസൺ .വൈ (പാളയം ഫെറോന)
9. ഫാദർ ഗ്ലാഡിൻ എലക്സ് (വലിയതുറ ഫെറോന)

അജണ്ടയിൽ ആദ്യഇനമായ ഫെറോന അജപാലനശുശ്രൂഷ ബഡ്ജറ്റും പ്ലാനും ചർച്ചയിൽ വലിയതുറ ഫെറോന ഒഴികെ മറ്റെല്ലാ ഫെറോനകളും ബഡ്ജറ്റും പ്ലാനും സമർപ്പിച്ചു. പദ്ധതി കൃത്യതയോടെ നടപ്പിലാക്കാൻ യോഗം തീരുമാനിച്ചു. "ദൈവവിളി" കമ്മിഷന്റെ പ്രവർത്തനങ്ങൾ അജപാലന ശുശ്രൂഷയിൽ ഉൾപ്പെടുത്തിയിരുന്ന "ക്ലർജി & റിലീജിയസ്" ശുശ്രൂഷയിൽ ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ടായി. ആദ്യ സെമസ്റ്ററിൽ, അതായത് സെപ്റ്റംബർ മാസത്തിന് മുമ്പ്, ഫെറോന അടിസ്ഥാനത്തിൽ മതബോധന അധ്യാപകർക്കായി അടിസ്ഥാനപരിശീലനം (ഇതുവരെ ഇങ്ങനെ ഒരു ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി), അൾത്താരശുശ്രൂഷകർക്ക് (അൾത്താര ബാലികമാരാകാൻ

*പുല്ലുവിള ഫെറോന*

- ☞ മതബോധന അധ്യാപകർക്കുള്ള ട്രെയ്നിംഗ് ആവശ്യമാണ്. വെക്കേഷൻ ബൈബിൾ സ്ക്കൂൾ (വിബിഎസ്) ന് നേതൃത്വം നല്കുന്നവർക്കായി ഒരു റിസോഴ്സ് കിറ്റ് രൂപതയുമായി ചേർന്ന് തയ്യാറാക്കാൻ ആലോചിക്കുന്നു.
- ☞ ആരാധനക്രമം ഏകീകൃതമായി നടപ്പിലാക്കാൻ ശ്രമിക്കും.

*പാളയം ഫെറോന*

- ☞ ഫെറോനയിലെ മിഷൻ കേന്ദ്രങ്ങൾ ഊന്നൽ ലഭിക്കേണ്ട ഒരു പ്രധാന മേഖലയാണ്.
- ☞ അൾത്താര ശുശ്രൂഷകർക്കായുള്ള ഡ്രസ് കോഡും പരിശീലനവും അത്യാവശ്യമാണ്.
- ☞ മതബോധന അധ്യാപകർക്കും, ഉപദേശിമാർക്കും അജപാലനസമിതി അംഗങ്ങൾക്കും പരിശീലനവും കൂടിവരവും ആവശ്യമായിവരുന്നു.

*അഞ്ചുതെങ്ങ് ഫെറോന*

- ☞ മതബോധന അധ്യാപകർക്കുള്ള ആമശെര ഠൃമശിശിഴ നല്കേണ്ടിരിക്കുന്നു
- ☞ ദിവ്യബലിയിൽ പുരുഷപങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കും.
- ☞ തിരുനാൾ പ്രദക്ഷിണം ഏകീകരിക്കാൻ ശ്രമിക്കും.
- ☞ ഭക്തസംഘടനയുടെ പ്രവർത്തനം നവീകരിക്കാൻ തുടക്കം കുറിക്കും.
- ☞ അൾത്താര ശുശ്രൂഷകർക്കായുള്ള പരിശീലനം ആവശ്യമാണ്.

**മറ്റിനങ്ങൾ**

1) അധ്യാപക വിദ്യാർത്ഥി സ്ഥിതിവിവരപട്ടിക ഫെറോന മതബോധന സെക്രട്ടറിമാർ വഴി അതിരൂപതാ കാര്യാലയത്തിൽ എത്തിക്കുക.
2) ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 31.07.2010. കഴിയുന്നതും കൂടുതൽ അംഗങ്ങളെ ചേർക്കുക.
3) ബൈബിൾ കലോത്സവത്തെ സംബന്ധിച്ച വിവരം ഇടവകകളെ അറിയിച്ച് ഒക്ടോബർ മാസത്തിനുള്ളിൽ മത്സരാർത്ഥികളെ തിരഞ്ഞെടുത്ത് സംസ്ഥാന തലത്തിലുള്ള മത്സരത്തിന്



ആഗ്രഹിക്കുന്നവർക്കും) ഫാദർ സ്റ്റീഫൻ ആലത്തറ എഴുതിയ "അൾത്താര ശുശ്രൂഷകർ" എന്ന പുസ്തകത്തെ ആസ്പദമാക്കി ഒരു സെമിനാറും, ബൈബിൾക്വിസ്സിൽ പങ്കെടുക്കുന്നവർക്കായി ഇടവക അടിസ്ഥാനത്തിൽ പുറപ്പാട് പുസ്തകം (1-15), വി. മത്തായി എഴുതിയ സുവിശേഷം (1-14), യാക്കോബിന്റെ ലേഖനം എന്നിവ പരിചയപ്പെടുത്തി കൊടുക്കുവാനുള്ള ഒരു ക്ലാസ്സും പദ്ധതിയിൽ ഇല്ലെങ്കിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്താൻ യോഗം തീരുമാനിച്ചു. ഫെറോനക്കായുള്ള രൂപതാ വിഹിതത്തെക്കുറിച്ച് ചർച്ചയുണ്ടായി. ഫെറോന പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾക്ക് രൂപതാവിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പദ്ധതി നടപ്പിലാക്കി കഴിഞ്ഞ് റിപ്പോർട്ട് ലഭിച്ചാലുടൻ നല്കുന്നതായിരിക്കമെന്ന് ഡയറക്ടർ അറിയിച്ചു.

മൂന്നമതായി ഫെറോനകൾ വരും നാളുകളിൽ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ഉന്നൽ നൽകേണ്ട പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി.

*പേട്ട ഫെറോന*

- ☞ മതബോധനം, ലിറ്റർജി, ബൈബിൾ എന്നിവ ഭംഗിയായി പ്രവർത്തിക്കുന്നു.
- ☞ കുടുംബപ്രേഷിത കമ്മിഷൻ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

*കോവളം ഫെറോന*

- ☞ അജപാലനശുശ്രൂഷക്കായി ഒരു വിഭവശേഷി സംഘം ഫെറോന തലത്തിൽ ആവശ്യമാണ്. അതിനുള്ള ഒരുക്കങ്ങൾ നടക്കുന്നു.
- ☞ എല്ലാ മതബോധന അധ്യപകർക്കും, ആമശെര ഠൃമശിശിഴ-ൽ പങ്കെടുക്കുന്നവർക്ക് രൂപതാതലത്തിൽ സർട്ടിഫിക്കറ്റ് നല്കണം.

*വലിയതുറ ഫെറോന*

- ☞ മതബോധന അധ്യാപകർക്കായി ആമശെര ഠൃമശിശിഴ ആവശ്യമാണ്.
- ☞ ഫെറോനാതലത്തിൽ ഒരു വിഭവശേഷി സംഘം ആവശ്യമാണ്.
- ☞ ആരാധനക്ക് ജനങ്ങളെ സജീവമാക്കാൻ ഉതകുന്ന ചില നടപടികൾ കൈകൊണ്ടു (ഉദാ: സന്ധ്യാവന്ദനം, ദിവ്യബലി ഗാനങ്ങൾ, ഇടവക ലിറ്റർജി ടീം (ജഘഠ) രൂപീകരണം ദിവ്യബലിക്ക് മുമ്പ് പ്രഭാത പ്രാർത്ഥന).

ഒരുക്കുന്നതിന് വേണ്ട നടപടി ആരംഭിക്കണം.

4) പുതിയനിയമം ഓഡിയോ സംസ്ഥാനതലത്തിൽ പുറത്തിറക്കിയിട്ടുണ്ട്. മൂന്ന് ഡീഹൗാല ആയിട്ടാണ് സിഡി ലഭിക്കുന്നത്.ഒരു സെറ്റിന് 50 രൂപയാണ്. ഓർഡർ നൽകുന്നതനുസരിച്ച് ലഭ്യമാക്കുന്നതാണ്.

**നിർദ്ദേശങ്ങൾ**

☞ നിലവാരം കുറഞ്ഞ സമ്മാനങ്ങൾ അതിരൂപതാതലത്തിൽ നല്കുന്നത് ഒഴിവാക്കുക.

☞ ദേവാലയ സംഗീതജ്ഞരും ഗായകരും അതിരൂപതാതലത്തിൽ നില്കിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കണം. പ്രത്യേകിച്ച് ഓർഗണിൽ ഫീഡ് ചെയ്ത് വായിക്കുന്നത് ഒരു സാഹചര്യത്തിലും അനുവദനീയമല്ല.

☞ ഇടവകയിലുള്ള ഗായകസംഘവും സംഗീതജ്ഞരും ഇടവക പരിപാടികൾക്ക് മുൻഗണന നൽകേണ്ടതാണ്.

**യ) കമ്മിഷൻ-തല പ്രവർത്തന റിപ്പോർട്ട്**

*1. ക്രിസ്തീയ വിശ്വാസജീവിത പരിശീലന കമ്മിഷൻ*

ഢകകകക & ത ക്ലാസ്സിലെ പുതിയ ടെസ്റ്റ് പരിചയപ്പെടുത്തൽ ക്ലാസ്സ് ജൂലൈ മാസം 17-ാം തീയതി നടന്നു. . മോൺ. നിക്കോളസും ഫാദർ ലോറൻസ് കുലാസും ശ്രീ. ആന്റണി രാജും ക്ലാസ്സുകൾ നയിച്ചു. 125 അധ്യാപകർ പങ്കെടുത്തു. സിസ്റ്റർ ലൗലിയും ശ്രീ. മൈക്കിൾ നെറ്റോ എന്നിവർ സെമിനാർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

അതിരൂപത നിരീക്ഷണ സമിതി തൂത്തൂർ ഫെറോനയിലെ എല്ലാ ഇടവകകളിലും നിരീക്ഷണം നടത്തി. ഫെറോനാ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചിന്നത്തുറ ഇടവകയിൽ വച്ച് ഫെറോന എക്സിക്യൂട്ടീവ് യോഗത്തിൽ നിരീക്ഷണ റിപ്പോർട്ട് അവതരിപ്പിച്ചു.

*ഫെറോന-ഇടവക പ്രവർത്തനങ്ങൾ*

കോവളം ഫെറോനയിൽ അധ്യാപകരുടെ ആമശെര ൃശശിശിഴ നടത്തി. 100 പേർ പങ്കെടുത്തു. പുല്ലുവിള ഫെറോനാ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാനുള്ള പരിപാടികളെക്കുറിച്ചും ഒരു വർഷത്തെ മറ്റ് കാര്യപരിപാടികളെക്കുറിച്ചും



ജൂൺ 27-ാം തീയതി ജനറൽ ബോഡിയോഗത്തിൽ ചർച്ചചെയ്തു. പുതിയതുറ ഇടവകയിൽ 4-ാം ക്ലാസ്സിൽ നിന്ന് ജയിച്ച് 5-ാം ക്ലാസ്സിൽ പഠിക്കുന്ന 150 വിദ്യാർത്ഥികൾക്ക് മതബോധന കിറ്റ് (ആശയഹല, ഠലഃേ ആീസ, ചീലേ ആീസ, ജലി, ജലിരശഹ) നല്കുകയുണ്ടായി. വലിയതുറ ഫെറോനയിൽ ജൂലൈ മാസത്തെ യോഗം നടന്നു. ഫെറോന മതബോധന നിരീക്ഷണം ആരംഭിച്ചു. പേട്ട ഫെറോനയിൽ ഇടവകകളിൽ ചീലേ ീള ഘലലൈശീ ക്ലാസ്സുകൾ നല്കുന്നു. പുതുക്കുറിച്ചി ഫെറോനവാർഷികം മരിയനാട് ഇടവകയിൽ നടത്തി. 13 ഇടവകകളുടെ പ്രോഗ്രാം ഉണ്ടായിരുന്നു. പരിത്തിയൂർ ഇടവക മതബോധന അധ്യാപകർക്കായി ജൂലൈ 18-ാം തീയതി ആമശെര ൃമശിശിഴ നല്കി

*2. ബൈബിൾ കമ്മിഷൻ*

അഞ്ചുതെങ്ങ് ഫെറോനയിലെ അഞ്ചുതെങ്ങ് ഇടവക ബൈബിൾ വാരാചരണം നടത്തി. ലോഗോസ് ക്വിസ്സിന്റെ വിഷയത്തെ ആസ്പദമാക്കി പുല്ലുവിള ഇടവകയിൽ മൾട്ടി മീഡിയ ക്വിസ് മത്സരം സംഘടിപ്പിച്ചു. കുടുംബയൂണിറ്റുകളെ പ്രതിനിധീകരിച്ചായിരുന്ന മത്സരം. ഫാദർ പോൾ സണ്ണി, ഫാദർ ഷാജി, ഫാദർ ആഷ്ലിൻ എന്നിവർ ക്വിസ്സ് നയിച്ചത് . ഇത്തരത്തിൽ ഇടവകകളിൽ മത്സരം സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ രൂപതാ കാര്യാലയവുമായി ബന്ധപ്പെടുക.

*3. ലിറ്റർജി കമ്മിഷൻ*

ഗഞഘഇഇ 16-ാം ജനറൽ ബോഡിയോഗം ജൂലൈ 09,10,11 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നപ്പോൾ ആരംഭദിവസത്തെ പ്രാർത്ഥനാശുശ്രൂഷയ്ക്ക് ലിറ്റർജി കമ്മിഷൻ നേതൃത്വം നല്കി. ബൈബിൾ പ്രതിഷ്ഠ, ഗാനശുശ്രൂഷ, ദൈവവചന പാരായണം, വിചിന്തനം, വിശ്വാസികളുടെ പ്രാർത്ഥന എന്നിവ ശുശ്രൂഷയുടെ ഭാഗമായിരുന്നു.

*4. കുടുംബപ്രേഷിതത്വം*

ജൂൺ മാസം അവസാനം നടത്തിയ വിവാഹഒരുക്ക സെമിനാറിൽ 154 പേർ പങ്കെടുത്തു. മാതാപിതാക്കൾക്കുള്ള ക്ലാസ്സിൽ 100 പേർ പങ്കെടുത്തു. ജൂലൈ മാസം 5-ാം തീയതി നടക്കേണ്ട ക്ലാസ്സ് ഹർത്താൽ ആയതിനാൽ 6-ാം തീയതി രാവിലെ

ആരംഭിക്കുകയും 8-ാം തീയതി വൈകുന്നേരം 4 മണിയോടുകൂടി അവസാനിക്കുകയും ചെയ്തു മാതാപിതാക്കൾക്കുള്ള ക്ലാസ്സിൽ 70 പേർ പങ്കെടുത്തു.

വിവാഹഒരുക്ക സെമിനാർ വിഭവശേഷി സംഘം അതിരൂപതാ കോ-ഓഡിനേറ്റർ ഫാദർ തോമസ് നെറ്റോയുടെ സാന്നിദ്ധ്യത്തിൽ അജപാലനശുശ്രൂഷാ സമിതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ 10 പേർ പങ്കെടുത്തു. ചർച്ചയിൽ ഉയർന്ന അഭിപ്രായങ്ങൾ കോഴ്സിന്റെ നല്ല നടത്തിപ്പിനുവേണ്ടി പ്രായോഗികതലത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചു.

രണ്ട് സിസ്റ്റേഴ്സ് പാളയം, വലിയതുറ, പുതുക്കുറിച്ചി, കോവളം, പുല്ലുവിള എന്നീ ഫെറോനകൾ കേന്ദ്രീകരിച്ചും തീർത്ഥാടനകേന്ദ്രങ്ങളായ കിള്ളിപ്പാലത്തും വെട്ടുകാടും അതിരൂപതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളായ മരിയൻ എഞ്ചിനിയറിംഗ് കോളേജിലും വെട്ടുകാട് സ്ക്കൂളിലും അഞ്ചുതെങ്ങ് സ്ക്കൂളിലും ആവശ്യാനുസരണം കൗൺസിലിംഗ് നല്കുന്നുണ്ട്. കൗൺസലിംഗിൽ കുടുംബതലത്തിൽ കണ്ട പ്രശ്നങ്ങൾ - മദ്യപാനം, രോഗം, കടബാധ്യത, ഭാര്യഭർത്താക്കന്മാരുടെ അവിശ്വസ്തത ബന്ധം, സംശയം, തെറ്റായ ദാമ്പത്യബന്ധങ്ങൾ. കുട്ടികളിൽ കണ്ട പ്രധാന പ്രശ്നം - മാതാപിതാക്കളിൽ നിന്നുള്ള സ്നേഹക്കുറവ് പ്രത്യേകിച്ച് ഗൾഫിൽ ജോലിചെയ്യുന്നവർ, മദ്യപാനം, സെൽ ഫോണിന്റെയും ഇന്റർനെറ്റിന്റെ തെറ്റായ ഉപയോഗം, പ്രേമബന്ധങ്ങൾ എന്നിവയാണ്.

*5. ഭക്തസംഘടനകൾ*

*ശ) ചെറുപുഷ്പം മിഷൻ ലീഗ്*

കഴക്കൂട്ടം ഫാത്തിമ മാത ഇടവകയിൽ ചെറുപുഷ്പ മിഷൻ ലീഗ് പരിസ്ഥിതി ബോധവത്ക്കരണം പഠനശിബിരം സംഘടിപ്പിച്ചു. പരിസ്ഥിതിയെ പറ്റി പ്രതിപാദിക്കുന്ന പോസ്റ്റർ പ്രദർശനം ഉണ്ടായിരുന്നു. പരിസ്ഥിതിയക്ക് കോട്ടം തട്ടുന്ന ഘടകങ്ങൾ ഏവ, നിത്യജീവിതത്തിൽ പരിസ്ഥിതി സംരക്ഷണം എത്രമാത്രം പ്രയോജനപ്പെടുന്നു, കുട്ടികൾക്കുതന്നെ ചെറുപ്പത്തിൽ ശ്രദ്ധിക്കേണ്ട സ്വയം ചെയ്യാവുന്ന കാര്യങ്ങൾ ഏവ എന്നിങ്ങനെ ഏതൊരു പ്രായക്കാരനും മനസ്സിലാകുന്ന വിധത്തിൽ ഏറെ



വിജ്ഞാനപ്രദമായിരുന്നു മിഷൻ ലീഗ് അംഗങ്ങൾ ഒരുക്കിയ പരിസ്ഥിതി സംരക്ഷണ ചിത്ര-രചന പ്രദർശനം. പരിസ്ഥിതി സംരക്ഷണ പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നല്കണമെന്ന് പരിശുദ്ധ പിതാവും തുടർന്ന് കെ.സി.ബി.സിയുംആഹ്വാനം ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ ഇടവകയിൽ നടത്തിയ പ്രസ്തുത പരിപാടി ഏറെ ശ്രദ്ധിക്കപ്പെട്ടു. സി.എം.എൽ അംഗങ്ങൾ ദേവാലയ പരിസരത്ത് പുഷ്പ-ഫല ചെടികൾ നടുകയും ശാഖാ റവ. ഫാദർ ആന്റണി സിൽവെസ്റ്റർ വൃക്ഷതൈകൾ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. സി.എം.എൽ ശാഖാ ഭാരവാഹികൾ നേതൃത്വം നല്കി.

*ശശ) ലീജിൻ ഓഫ് മേരി*

ലീജിൻ ഓഫ് മേരി അതിരൂപതാ സമിതിയുടെ പ്രതിമാസയോഗം ജൂലൈ - 7 ന് വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഹാളിൽ കൂടി. യോഗത്തിൽ കേരളാ ലീജിൻ ഓഫ് മേരിയുടെ സെക്രട്ടറി പങ്കെടുത്ത് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. ജൂലൈ മാസം ഉത്തരീയഭക്തി പ്രചരിപ്പിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുകയും അതിരൂപതയിലെ എല്ലാ ഇടവക കളിലും ഉത്തരീയ ഭക്തി പ്രചരിപ്പിക്കാൻ മരിയ സൈനികരെ പ്രസിഡന്റ് ജെയിംസ് പ്രത്യേകം ആഹ്വാനം ചെയ്യുകയും ചെയ്തു. പുനലൂർ രൂപതയിൽ ലീജിയൻ പ്രവചരിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സൈനികർ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം പ്രസിഡന്റ് പ്രത്യേകം അനുസ്മരിച്ചു. കേരളത്തിൽ ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനം ഏറ്റവും ശക്തമായി തിരുവനന്തപുരം അതിരൂപതയിൽ നടക്കുന്നുവെന്ന് കേരള റീജ്യന്റെ സെ ക്രട്ടറി അറിയിച്ചു. ഒക്ടോബർ മാസത്തെ ജപമാല റാലി (31.10.10) ഏറ്റവും നല്ല രീതിയിൽ നടത്തുന്നതിനുവേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിഡന്റ് യോഗത്തിൽ നല്കി. കൂരിയാകളുടെ അർദ്ധവാർഷിക സന്ദർശനങ്ങളും റിപ്പോർട്ട് സ്വീകരണവും കാര്യക്ഷമമായി നടന്നുവരുന്നു.

*ശശശ) സെന്റ് വിൻസെന്റ് ഡി പോൾ*

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ജൂലൈ 16,17,18

തീയതികളിൽ ഒരു ധ്യാനം സംഘടിപ്പിക്കുകയുണ്ടായി. അതിരൂപതാ സെൻട്രൽ കൗൺസിൽ അംഗങ്ങൾ, ഏരിയാ കൗൺസിൽ ഭാരവാഹികൾ, കോൺഫെറൻസ് പ്രസിഡന്റുമാർ മറ്റ് അനേകം അംഗങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു.വിൻസെന്റ് സഭാ വൈദികർ ധ്യാനം നയിച്ചു.

*ശ്)കരിസ്മാറ്റിക് ഗ്രൂപ്പ്*

തിരുവനന്തപുരം സോണിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കും നേതൃത്വനിരയിലുള്ളവർക്കുമായി നടത്തിവരുന്ന പ്രതിമാസ ഏകദിനധ്യാനം സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്ക്കൂൾ ചാപ്പലിൽവച്ച് ജൂൺ 27 ന് നടന്നു. ജൂലൈ മാസത്തെ സോണൽ സർവീസ് ടീം മീറ്റിംഗ് 04.07.10 ൽ പട്ടം പ്ലാമൂട് സാന്താ മരിയ ചാപ്പലിൽ വച്ച് നടന്നു. അതിരൂപതാ അജപാലന ഡയറക്ടർ ഫാദർ ലോറൻസ് കുലാസും രാവിലെയും ഉച്ചയ്ക്ക് ശേഷം 'എമ്മാവൂസി'ൽ നിന്ന് കെ.എസ്.റ്റി. ചെയർമാൻ ഫാദർ ജോസ് അഞ്ചാനിക്കലും ടീം അംഗങ്ങളും സോണൽ സന്ദർശനത്തിന്റെ ഭാഗമായി കൂട്ടായ്മയോട് ചേർന്നു. 'ക്രിസ്റ്റീൻ' പ്രോഗ്രാം ലീഡേഴ്സിന്റെ കൂട്ടായ്മ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സാന്താമരിയ ചാപ്പലിൽ പ്രോഗ്രാമിന്റെ ആനിമേറ്ററായ ഫാദർ സ്റ്റനിസ്ലാവോസിന്റെ മേൽനോട്ടത്തിൽ ഒരു പ്രാത്ഥനായോഗം ജൂലൈ 10 ന് നടന്നു. കുലശേഖരം ഇടവകാംഗങ്ങളുടെ വിശ്വാസ നവീകരണം ലക്ഷ്യമാക്കി ഇടവക വികാരിയുടെ നിർദ്ദേശപ്രകാരം ജൂലൈ 15,16,17തീയതികളിൽ ഇടവക ദേവാലയത്തിൽ വച്ച് 'സോണിന്റെ നേതൃത്വത്തിൽ ഒരു സായാഹ്നധ്യാനം നടത്തി.

ജൂലൈ 20 ന് അതിരൂപതാ അദ്ധ്യക്ഷൻ, അതിരൂപതാ വികാരി ജനറൽ, അതിരൂപതാ വികാരി ജനറൽ, അതിരൂപതാ അജപാലനസമിതി ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരം കരിസ്മാറ്റിക് സോൺ അംഗങ്ങൾ വെള്ളയമ്പലം ബിഷപ്പ്സ് ഹൗസിൽ ഒരുമിച്ച് കൂടി. ഈ കൂടിവരവിൽ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം കരിസ്മാറ്റിക് പ്രാർത്ഥന ശുശ്രൂഷയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബോധ്യങ്ങൾ നൽകി. പ്രധാനമായും ഇടവക ഫെറോന-രൂപത സംവിധാനത്തിൽ



പങ്കുചേർന്ന് അംഗങ്ങൾ പ്രവർത്തിക്കേണ്ട ആവശ്യകതയ്ക്ക് ഊന്നൽ നല്കി. തിരുവനന്തപുരം സോണിന്റെ നാല് സബ് സോണുകൾക്ക് ചൈതന്യം നല്കാൻ നാല് വൈദീകരെ നിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. 'ജ്യലമരവശിഴ ങശിശയ്യ്യേ'യിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് "ബൈബിൾ വ്യാഖ്യാനം" എന്ന വിഷയത്തെ കുറിച്ച് മാസത്തിൽ ഒരിക്കൽ ക്ലാസ്സ് നല്കാൻ തീരുമാനിച്ചു.

***6. സുവിശേഷവത്കരണ കമ്മിഷൻ***

മൂന്ന് മാസത്തിലൊരിക്കൽ നടത്താറുള്ള ഉപദേശിമാരുടെ കൂടിവരവ് ആഗസ്റ്റ് 13 രാവിലെ 9.30 ആരംഭിച്ച് വൈകുന്നേരം 4 മണിയോടുകൂടി അവസാനിക്കും. ഈ കൂടിവരവിൽ "ദൈവജനം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പഠനവും ചർച്ചയും പങ്കുവെയ്ക്കലും നടത്തും. ഈ കമ്മിഷന്റെ കീഴിൽ ©വലീഹീഴ്യ ഇീൃൃലുീിറലിരല ഇീൗൃലെ ആരംഭിക്കുന്നതിനെക്കുറിച്ച് പദ്ധതി ആവിഷ്ക്കരണം നടക്കുന്നു.

***7. എക്യുമെനിസം & ഡയലോഗ്***

ഡിശലേറ ഇവൃശശേമി ങീ്ലാലിേ (ഡഇങ) ന്റെ ആഭിമുഖ്യത്തിൽ ജൂൺ 27 ന് നെട്ടയം ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് ഒരു പ്രാർത്ഥനാസമ്മേളനം നടന്നു. വിവിധ സഭകളിലെ അംഗങ്ങൾ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തു. ജൂലൈ മാസത്തെ ഡഇങ ന്റെ വിവിധ സഭകളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന പ്രാർത്ഥനാശുശ്രൂഷ 25-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് പരുത്തിപ്പാറ ഇമ്മാനുവേൽ മാർത്തോമ ദേവാലയത്തിൽ നടക്കും. ഇവൃശശേമി ഈഹഌൃമഹ ങീ്ലാലിേ (ഇഇങ) ന്റെ ആഭിമുഖ്യത്തിൽ പുരോഹിതവർഷ സമാപ്തിക്കുറിച്ചുകൊണ്ട് ഒരു സമ്മേളനം പാങ്ങോട് കാർമ്മൽ ആശ്രമം ആഡിറ്റോറിയത്തിൽ നടത്താൻ ആലോചിക്കുന്നു.

അജപാലനശുശ്രൂഷ സമിതിക്കുവേണ്ടി,
ഫാദർ ലോറൻസ് കുലാസ്

# വിദ്യാഭ്യാസ ദിനാചരണം, വിജയികൾക്ക് പ്രോത്സാഹനം

*പ്രവേശനോത്സവവും വിദ്യാഭ്യാസ ദിനാചരണവും വിജയികൾക്കുള്ള പ്രോത്സാഹനവുമായിരുന്നു കഴിഞ്ഞ മാസങ്ങളിൽ വിദ്യാഭ്യാസ മേഖലയിലെ മുഖ്യ പ്രവർത്തനങ്ങൾ ഇതോടെ വിദ്യാഭ്യാസ മേഖല ഉന്മേഷഭരിതമായി.*

**അഞ്ചുതെങ്ങ് ഫെറോന**

ഇടവക ഫെറോന

അഞ്ചുതെങ്ങ് ഫെറോനയിലെ എല്ലാ ഇടവകകളിലും വിദ്യാഭ്യാസ ദിനം ആചരിച്ചു. മാമ്പള്ളി സ്കൂളിൽ സപ്ലിമെന്ററി വിദ്യാഭ്യാസം നടന്നുവരുന്നു. യൂണിഫോം, പഠനോപകരണങ്ങൾ എന്നിവനൽകി കുട്ടികളുടെ പഠനം ഉറപ്പുവരുത്തുന്നു. ജൂൺ 21 സെന്റ് അലോഷ്യസ് ദിനം ആചരിച്ചു. 10, +2 കളിൽ ഒന്നാംസ്ഥാനം. കരസ്ഥമാക്കിയ കുട്ടികൾക്ക് ബാബു മെമ്മോറിയിൽ അവാർഡ് നൽകി. +1 അഡ്മിഷൻ ഉറപ്പാക്കുവാൻ സാധിച്ചു. ഇടയ്ക്ക് പഠനം നിർത്തിയവരുടെ പരീക്ഷയ്ക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ഒരുക്കങ്ങൾ നടന്നുവരുന്നു. കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ നടന്നുവരുന്നു. ജൂൺ 5 പരിസ്ഥിതിദിനമായി ആചരിച്ചു.

പൂന്തുറ ഇടവകയിൽ വിദ്യാഭ്യാസ ദിനാചരണം നടത്തി 10, +2 വിൽ വിജയിച്ച കുട്ടികളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നിർധനരായ 17 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സൗജന്യ ട്യൂഷൻ നടന്നുവരുന്നു.

വെന്നിക്കോട് മൗണ്ട് കാർമൽ സ്കൂളിൽ പ്രവേശനോത്സവത്തോടുബന്ധിച്ച് വിദ്യാ സമിതിയിൽ നിന്നും 170 ബുക്കുകൾ 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് നൽകി. ജൂൺ 6 ന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രക്ഷാകർത്താക്കൾക്കും കുട്ടികൾക്കുമായി ഇടവകവികാരി ക്ലാസ് നടത്തി. ഇടവകയിൽ കെ ജി മുതൽ +2 വരെയുള്ള കുട്ടികൾക്ക് 600 നോട്ടുബുക്കുകൾ വിത



രണം ചെയ്തു. പഠനത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് 500, 350, 250 രൂപവീതം ക്യാഷ് അവാർഡ് നൽകി. ടീച്ചേഴ്സ് ഫോറം രൂപീകരിച്ചു. റിസൾട്ട് അനാലിസിസ് നടത്തി 25 കുട്ടികൾക്ക് ഇടവക സിസ്റ്റേഴ്സ് സൗജന്യ ടൂഷൻ നൽകുന്നു.

താഴംപള്ളി ഇടവകയിൽ വിദ്യാഭ്യാസ ദിനാചരണം, നിർധന വിദ്യാർത്ഥികൾക്ക് യൂണിഫോം പഠനോപകരണ വിതരണം, മെരിറ്റ് അവാർഡ് എന്നിവ നടത്തി. എല്ലാ മാസവും ആദ്യ ശനിയാഴ്ച സമിതിയോഗം നടക്കുന്നു.

അഞ്ചുതെങ്ങ്, മൂങ്ങോട്, അയിരൂർ എന്നീ ഇടവകസ്കൂളിൽ വിദ്യാഭ്യാസ ദിനാചരണം, പഠനോപകരണ വിതരണം എന്നിവ നടത്തി. അയിരൂർ ഇടവകയിൽ കെ ജി മുതൽ 7 വരെയുള്ള ക്ലാസുകളിൽ ഉന്നതവിജയം കൈവരിച്ച 1, 2, 3 സ്ഥാനം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു.

**പേട്ട ഫൊറോന**

**കുശവർക്കൽ**

ജൂൺ 13-ാം തീയതി ഇടവക വികാരി ഫാ.ദേവസ്യ മംഗലത്തിന്റെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി, +2 ഫോറം രൂപീകരിച്ചു.

ജൂൺ 27-ാം തീയതി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. എൽ.പി. വിഭാഗത്തിലുള്ള 9 വിദ്യാർത്ഥികൾക്ക് 225 രൂപാവീതവും, യൂ.പി. വിഭാഗത്തിലുള്ള 10 വിദ്യാർത്ഥികൾക്കും ഹൈസ്ക്കൂൾ വിഭാഗത്തിലുള്ള 10 വിദ്യാർത്ഥികൾക്കും 425 രൂപ വീതവും, +2,ഡിഗ്രി തലത്തിലുള്ള 14 വിദ്യാർത്ഥികൾക്ക് 625 രൂപ വീതവും, പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 1025 രൂപയും നൽകുകയുണ്ടായി. കൂടാതെ 2 ബുക്ക് വീതം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

എല്ലാ ഞായറാഴ്ചകളിലും നടത്തിവരുന്ന പി.എസ്.സി. കോച്ചിംഗ് വൈകിട്ട് 4 മണിമുതൽ 6 മണിവരെ നടത്തി.

**മുട്ടട**

ജൂൺ 9,11,18 തീയതികളിൽ ഇടവകയിലെ 84 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി. കലാരംഗങ്ങളിൽ വിദ്യാർത്ഥികളുടെ അഭിരുചികൾ വികസിപ്പിക്കുന്നതിനുവേണ്ടി തുടങ്ങിയ 'ഹോളി ക്രോസ് അക്കാഡമി ഓഫ് ഫൈൻ ആർട്സ്' എന്ന കോച്ചിംഗ് സെന്ററിൽ അനേകം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. തമിഴ്നാട്ടിലെ 'കലൈകാവേരിയിൽ നിന്നാണ് ഡാൻസ്, കീബോർഡ് (ഓർഗൻ), മ്യൂസിക് തുടങ്ങിയവ പഠിക്കുവാൻ എത്തുന്നത്. ബുധ

നാഴ്ച വൈകിട്ട് 6 മണിക്കുശേഷവും ശനി, ഞായർ ദിവസങ്ങളിൽ വൈകിട്ട് 3 മണിമുതലും ക്ലാസ്സുകൾ നടന്നുവരുന്നു.

പ്രൊഫഷണൽ കോഴ്സുകളിലും ഉന്നത വിദ്യാഭ്യാസത്തിനും പഠിക്കുന്ന 20 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിവരുന്നു.

അനില അലൻ

**പുല്ലുവിള ഫെറോന**

ഫെറോനതലം:-

ജൂലൈ 8 ന് ഫെറോന സമിതിയോഗം കൊച്ചുതുറ ഇടവകയിൽ വച്ച് ഫെറോന കോഡിനേറ്റർ ഫാ. ബിനുവിന്റെ അധ്യക്ഷതയിൽ കൂടി. യോഗത്തിൽ ഫെറോന ഇടവകതല റിപ്പോർട്ട് അവതരിപ്പിച്ച് അവലോകനം നടത്തി. തുടർന്ന് ഫെറോന- ഇടവകതല പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തി.

പ്രധാനാദ്ധ്യാപകരുടെ യോഗം അധ്യാപകർക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്. റിസൾട്ട് അനാലിസ്, ഡാറ്റാ കളക്ഷൻ, എൻട്രൻസ് കോച്ചിംഗ് എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചു.

പ്രധാനാധ്യാപകരുടെ യോഗം ജുലൈ 19 ന് നടത്തി. പുല്ലുവിള , എച്ച്.എസ്.എസ്. സെന്റ് നിക്കളോസ്, പുതിയതുറ, സെന്റ് ആന്റണീസ് കൊച്ചുതുറ, സെന്റ് ആൻഡ്രൂസ് കരുംകുളം, സെന്റ് മേരീസ് പരുത്തിയൂർ എന്നാ സ്കൂളുകളിലെ പ്രഥമാധ്യാപകർ ടി യോഗത്തിൽ പങ്കെടുത്തു. തീരുമാനം: അധ്യാപനത്തിൽ അധ്യാപകരുടെ ക്വാളിറ്റി വർധിപ്പിക്കുന്നതിന്റെ ഭാഗമായി കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്, അധ്യാപക സംഗമം എന്നിവ നടത്തും.

**കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്:-**

ശനിയാഴ്ച സെന്റ് നിക്കളോസ് എൽ പി എസ് പുതിയതുറ, സെന്റ് ആന്റണീസ് എൽ പി എസ്, കൊച്ചുതുറ, സെന്റ് ആൻഡ്രൂസ് എൽ പി എസ് കരുംകുളം എന്നീ സ്കൂളുകളിലെ 17 അധ്യാപകർക്കായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് ജൂലൈ 24 ന് ആരംഭം കുറിച്ചു.

**ഹയർ എഡ്യൂക്കേഷൻ പ്രോഗ്രാം**

ജൂലൈ 17 ന് +2 ലെ വിദ്യാർത്ഥികൾക്കായി ഹയർ എഡ്യൂക്കേഷൻ കോഴ്സിനെക്കുറിച്ചുള്ള ഒരു ബോധവൽക്കരണപരിപാടി പുല്ലുവിള .ലിയോ പതിമൂന്നാമൻ എച്ച്.എസ്.എസിൽ വച്ച് ടാൻഡം സെന്ററുമായി സഹകരിച്ച് നടത്തി. +2ലെ 186, വിദ്യാർത്ഥികൾ



ക്ലാസിൽ പങ്കെടുത്തു.

പി എസ് സി കോച്ചിംഗ്: ലാസ്റ്റ്ഗ്രേഡ്, എൽ ഡി സി എന്നീ തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ഒരുക്കുന്നതിന്റെ ഭാഗമായി പി എസ് സി കോച്ചിംഗ് ജൂലൈ മാസം 4 ക്ലാസുകൾ സംഘടിപ്പിച്ചു. 16 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു.

**സിവിൽ സർവ്വീസ് ഓറിയന്റേഷൻ**

പ്രസംഗം. ജേർണലിസം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ സംഘടിപ്പിച്ചു. 29 വിദ്യാർത്ഥികൾ പങ്കെടുത്തു.

*ഇടവകതലം:-*

പുല്ലുവിള, പള്ളം, പുതിയതുറ, ലൂർദ്ദുപുരം, കുന്ദംകുളം, പൂവാർ പരുത്തിയൂർ എന്നീ ഇടവകകളിൽ സമിതിയോഗം നടന്നു. പരുത്തിയൂർ ഇടവകയിൽ ജൂലൈ 18 ന് പി എസ് സി കോച്ചിംഗിന് തുടക്കംകുറിച്ചു. 18 ഉദ്യോഗാർത്ഥികൾ പ്രസ്തുത ക്ലാസിൽ പങ്കെടുക്കും.

പൂവാർ ഇടവകയിൽ 2-ാംക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി നിശാപാഠശാലയ്ക്ക് തുടക്കം കുറിച്ചു. കരുംകുളം ഇടവകയിൽ സെന്റ് ആൻഡ്രൂസ് എൽ പി എസിലെ അധ്യാപകരും സമിതി അംഗങ്ങളുമായി സ്കൂൾ വികസനത്തിനുള്ള ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടു. സത്വര നടപടിക്രമങ്ങളിലേക്ക് കടന്നു.

പുതിയതുറ ഇടവകയിൽ സ്കൂൾതല പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിന്റെ ഭാഗമായി മാതാപിതാക്കളുടെ ബോധവൽക്കരണ പരിപാടിയും, പി.ടി.എ യോഗങ്ങളും ക്രമീകരിച്ചിരുന്നു.

**കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്**

ലൂർദ്ദുപുരം, പള്ളം ഇടവകകളിൽ എല്ലാ ഞായറാഴ്ചയും രണ്ടുമണി മുതൽ നാലുമണിവരെ കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് കൃത്യമായി നടന്നുവരുന്നു.

പുല്ലുവിള ഇടവകയിൽ +2 ൽ എല്ലാവിഷയങ്ങൾക്കും എ+ കിട്ടിയ ക്രിസ്റ്റി എന്ന കുട്ടിക്ക് ക്യാഷ് അവാർഡ് നൽകി.

**തൂത്തൂർ ഫെറോനാ**

പദ്ധതിപ്രകാരമുള്ള പരിപാടികളായ വിദ്യാഭ്യാസ പ്രവേശന ഉത്സവം, റിസൾട്ട് അനാലെസിസ്, നൈറ്റ് സ്റ്റഡി - വിസിറ്റ് എന്നിവ നടത്താൻ തീരുമാനിച്ചു. ജൂൺ 1 മുതൽ 5 വരെ ഫെറോനയിലെ 11 വിദ്യാലയങ്ങളിലും പ്രവേശന ഉത്സവം നടത്തി. മൂന്നാം തീയതി ഇരയിമ്മൻതുറ നൈറ്റ് സ്റ്റഡി സന്ദർശിച്ചു. ഇതിൽ പത്താം

# മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ

ആമുഖം

തിരുവനന്തപുരം ജില്ലയിൽ വിളവൻകോട് താലൂക്കിലെയും തീരദേശ ഉൾനാടൻ മേഖലകളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടേയും സമഗ്രവളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറം (TMF) രൂപീകൃതമായത്. മാത്സര്യബുദ്ധി വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ മുഖ്യധാരയിൽ നിന്നും ഒരായിരം കാതം പിന്നിലാക്കപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അവകാശ നിഷേധങ്ങളുടെ നോവും പേറി, ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മേഖലയിൽ പോലും വേണ്ടത്ര അംഗീകാരവും ആദായവും ലഭിക്കാതെ വേദന അനുഭവിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ഇവരുടെ വളർച്ചയ്ക്കുവേണ്ടി സഹകരണ മനോഭാവത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. സ്ത്രീപുരുഷ സമത്വവും മനുഷ്യതൊഴിൽ മാഹാത്മ്യവും പ്രവർത്തനമുദ്രയായി ഉയർത്തിപ്പിടിക്കുന്ന ഈ ഫോറം വ്യക്തിയുടേയും സമൂഹത്തിന്റെയും തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അവരുടെ ജീവിതലക്ഷ്യസാക്ഷാത്കാരത്തിന് സഹായിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ മത്സ്യത്തൊഴിലാളിയുടേയും വളർച്ചയാണ് ഈ ഫോറത്തിന്റെ വളർച്ച. ഇതിനെ അടിസ്ഥാനപ്പെടുത്തി ഒരുമയോടെയുള്ള മുന്നേറ്റം വഴി ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി നമുക്ക് യത്നിക്കാം.

**മത്സ്യത്തൊഴിലാളിഫോറം രൂപീകരണം**

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ 2007 ജൂലൈ ഒന്നാം തീയതി നിലവിൽ വന്ന ഒരു പദ്ധതിയാണ് സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ് (സി എഫ് എസ്). ഇതിന്റെ



ക്ലാസിലെ 3 കുട്ടികളും, 12-ാം ക്ലാസിലെ ഒരുകുട്ടിയും പങ്കെടുത്തുവരുന്നു. 6 ടീച്ചേഴ്സ് ക്ലാസ് നൽകി വരുന്നു. 10-ാം തീയതി തൂത്തൂർ നൈറ്റ് സ്റ്റഡി സന്ദർശിച്ചു. 200 കുട്ടികൾ ക്ലാസിൽ പങ്കെടുത്തുവരുന്നു. +2 ൽ രണ്ടുകുട്ടികളും, എസ് എസ് എൽ സിയിൽ 16 കുട്ടികളും ക്ലാസിൽ പങ്കെടുക്കുന്നു. 7 ടീച്ചേഴ്സ് ക്ലാസ് നൽകിവരുന്നു. 24-ാം തീയതി വള്ളവിള ഇടവക നൈറ്റ് സ്റ്റഡി സന്ദർശിച്ചു. 118 കുട്ടികളും 8 ടീച്ചേഴ്സും ഉണ്ടായിരുന്നു. +2 ൽ 7 കുട്ടികളും, പത്തിൽ 13 കുട്ടികളും പങ്കെടുക്കുന്നു. 29-ാം തീയതി മാർത്താണ്ഡതുറ നൈറ്റ് സ്റ്റഡി സന്ദർശിച്ചു. 71 കുട്ടികളും നാല ടീച്ചേഴ്സും ഉണ്ടായിരുന്നു. 19-ാം തീയതി ചിന്നത്തുറ നൈറ്റ് സ്റ്റഡി സന്ദർശിച്ചു. 70 കുട്ടികൾ ക്ലാസിൽ പങ്കെടുത്തുവരുന്നു. 12 ൽ അഞ്ചുകുട്ടികളും 10 ൽ 8 കുട്ടികളും പങ്കെടുത്തുവരുന്നു. 4 ടീച്ചേഴ്സ് ക്ലാസ് നല്കിവരുന്നു. 20-ാം തീയതി നീരോടി നൈറ്റ് സ്റ്റഡി സന്ദർശിച്ചു. 325 കിട്ടുകൾ ക്ലാസിൽ പങ്കെടുത്തുവരുന്നു. 5 സപ്ലിമെന്ററി ടീച്ചേഴ്സും 18 സ്കൂൾ ടീച്ചേഴ്സും ക്ലാസ് നടത്തിവരുന്നു. 8-ാം തീയതി നീരോടി സ്കൂൾ സന്ദർശിച്ചു. റിസൾട്ട് അനാലിസ് എടുത്തു. കഴിഞ്ഞവർഷം 80 കുട്ടികൾ പരീക്ഷയെഴുതിയതിൽ 63 കുട്ടികൾ പാസായിട്ടുണ്ട്. ഈ വർഷം 66 കുട്ടികൾ എസ് എസ് എൽ സി എക്സാം എഴുതിയതിൽ 59 കുട്ടികൾ പങ്കെടുത്തു. കഴിഞ്ഞവർഷം 82% വിജയശതമാനമായിരുന്നു. ഈ വർഷം 90 ശതമാനം വിജയ ശതമാനമുണ്ട്. സ്കൂൾ ഫസ്റ്റ് കുമാരി അന്ന സിൽവൻ 468 മാർക്കുനേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. കുമാരൻ അന്തോണിയാർ ജെ ഇടവകതലത്തിൽ. റവ. ഫാ. ബോസ്കോ ഈ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി അഭിന്ദിച്ചു. 18-ാം തീയതി ലെയോളോ എച്ച്. എസ്. എസ്. സന്ദർശിച്ചു. 10, +2 കുട്ടികളുടെ റിസൾട്ട് അനാലിസിസ് എടുത്തു. പത്താം ക്ലാസ്സിൽ 479 മാർക്കുനേടി കുമാരി ശ്യാമ നായക് ഒന്നാംസ്ഥാനം കരസ്ഥമാക്കി. +2 ൽ 227 കുട്ടികൾ എക്സാം എഴുതിയതിൽ 151 കുട്ടികൾ പാസായി. +2 ൽ കുമാർ ആർച്ച 1126 മാർക്കുനേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. 22-ാം തീയതി സെന്റ്. അലോഷ്യസ് സ്കൂൾ സന്ദർശിച്ചു 186 കുട്ടികൾ എക്സാം എഴുതി. 156 കുട്ടികൾ പാസായി. +2 ൽ നിഷകുമാരി 1037 മാർക്കുനേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. 10 ൽ 120 കുട്ടികൾ പരീക്ഷ എഴുതിയതിൽ 112 കുട്ടികൾ പാസായി. 8 കുട്ടികൾ തോൽക്കുകയും ചെയ്തു. പത്താംക്ലാസ്സിൽ കുമാരി വിനിത ഡബ്ല്യൂ 469 മാർക്ക് നേടി പത്താം ക്ലാസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കീഴിൽ മത്സ്യത്തൊഴിലാളി മേഖലയെ ശക്തിപ്പെടുത്തുന്ന തിനുവേണ്ടി തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോം എന്ന സംഘടനയ്ക്ക് രൂപം കൊടുക്കുകയും തുത്തൂർ, പുല്ലുവിള, കോവ ളം, വലിയതുറ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് എന്നീ ആറു തീര ദേശ ഫെറോനകളിൽ 45 ഇടവകതല യൂണിറ്റ് രൂപീകരിക്കേണ്ട തിൽ 43 യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു. ഫോറത്തിൽ ഏക ദേശം മുപ്പതിനായിരം മത്സ്യത്തൊഴികൾ അംഗങ്ങളായി ചേർന്നു. ഫോറത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനുവേണ്ടി ആറു ഫെറോന സമിതികൾ രൂപീകരിക്കു കയും 2009 ജൂലൈ മാസം 19-ാം തീയതി ഫോറത്തിന്റെ ഔദ്യോ ഗിക ഉദ്ഘാടന കർമ്മം തിരുവനന്തപുരം അതിരൂപതാ മെത്രാ പ്പൊലീത്ത മോസ്റ്റ് റൈറ്റ് റവറന്റ് ഡോ. സൂസപാക്യം എം നിർവ്വ ഹിച്ച് അതിരൂപത എക്സിക്യൂട്ടീവ് സമിതിക്ക് രൂപം കൊടുക്കു കയും ചെയ്തു.

**പ്രവർത്തനങ്ങൾ**

സി എഫ് എസ് പദ്ധതിപ്രകാരം തീരദേശ ഫെറോനകളി ലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വളർച്ചയ്ക്കും സുസ്ഥി രതയ്ക്കും വേണ്ടി മത്സ്യത്തൊഴിലാളികളുടെ പൊതുവായ ആനു കൂല്യങ്ങൾ, അവകാശങ്ങൾ, ക്ഷേമനിധി അംഗത്വം ക്ഷേമനിധി പദ്ധതികൾ, ക്ഷേമനിധി ഗ്രൂപ്പ് ഇൻഷുറൻസ്, മത്സ്യഫെഡ് പദ്ധതി കൾ, മത്സ്യഫെഡ് ഇൻഷുറൻസ്, ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പി ലാക്കുന്ന പദ്ധതികൾ, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതികൾ, കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി (സി ഡി എ) വഴി നടപ്പിലാ ക്കുന്ന പദ്ധതികൾ, ലേബർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ആം ആദ്മി ഇൻഷുറൻസ് പദ്ധതികൾ എന്നിവയെക്കുറിച്ച് യൂണിറ്റ് - ഫെറോനതലങ്ങളിൽ ബോധവൽക്കരണക്ലാസുകൾ കൊടുക്കുകയും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാ ളികളുടെ കൂട്ടായ്മ വരുത്തുകയും ചെയ്യുവാൻ ഒരു പരിധിവരെ ഫോറത്തിന് കഴിഞ്ഞു. തീരദേശ മേഖലയിൽ സർക്കാർ നടപ്പിലാ ക്കുന്ന പദ്ധതികളെക്കുറിച്ച് അറിയുന്നതിനും ദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് ലഭിക്കുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളി മേഖല



യായ പുതുക്കുറിച്ചി ഫെറോനയിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുവാൻ കഴിഞ്ഞു.

**മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കു വേണ്ടി**

മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും, അവരുടെ അവകാശങ്ങളും ആനുകൂല്യ ങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി വലിയതുറ ഫിഷറീസ് സ്കൂളിൽ 10-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി Stand up speakout എന്ന ഒരു വർഷത്തെ ഡൈനാമിക് കോഴ്സ് സംഘടിപ്പിച്ചു. അതിന്റെ ഫലമായി കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷയ്ക്ക് ഉന്നത വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞു. വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തിയെടുക്കുന്ന തിനും ഉന്നതവിദ്യാഭ്യാസം നേടുന്നതിനുമായി കരിയർ ഗൈഡൻസ്, നേതൃത്വശൈലി ആശയവിനിമയം, പ്രസംഗകല, സാമൂഹ്യ പ്രതിബദ്ധത, സ്റ്റഡി മെത്തേഡ് എന്നീ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ, എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നതിനും കുട്ടികളുടെ കഴിവു കൾ വളർത്തിയെടുക്കുന്നതിനുംവേണ്ടി തീരദേശ ഇടവകളകളിൽ 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ബ്ലോസ്സം 2009 എന്ന ഒരു വർഷത്തെ ഡൈനാക് കോഴ്സ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് മത്സ്യമേഖലയിലെ വിഷയങ്ങ ളെക്കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നതിന്വേണ്ടി ഫിഷറീസ് എക്സ്പോഷൻ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. വിദ്യാഭ്യാർത്ഥി കളുടെ അവകാശങ്ങൾ ആനുകൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്ന തിനും നേടിയെടുക്കുന്നതിനും വേണ്ടി കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതി (കെ എം വി എസ്) എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ച് ഇടവക - ഫെറോന - രൂപതാ തലങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ അനുകൂ ല്യങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും അവ യഥാസമയാ വാങ്ങു ന്നതിനും വിദ്യാർത്ഥികൾക്ക് സാധിച്ചു.

സർക്കാർ ബില്ലുകൾ, മത്സ്യമേഖലയിൽ രൂപപ്പെടുന്ന പ്രശ്നങ്ങൾ മത്സ്യമേഖലയിലെ സമകാലീന പ്രശ്നങ്ങളായ മുതലപ്പൊഴി അഴിയാക്കൽ പദ്ധതിയിൽ വന്ന പാളിച്ചകൾ, സി എം ഇസഡ് നോട്ടിഫിക്കേഷൻ, സി ആർ ഇസഡ് 2009, സി ആർ ഇസഡ്-2 സോമിനാഥൻ കമ്മിറ്റിയുടെ ശുപാർശകൾ, സി ആർ ഇസഡ്-10 ആസിയാൻ കരാർ, മത്സ്യത്തൊഴിലാളി ബയോമെട്രിക് സർവ്വേ, കടൽ മത്സ്യബന്ധന നിയന്ത്രണ ബിൽ 2009, മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ ബിൽ-2009, വിഴിഞ്ഞം തുറമുഖം വരുന്നതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ, തീരം കുറയുന്നതിന്റെ പ്രശ്നങ്ങൾ, സുനാമിയുടെ ഭാഗമായി തീരദേശമേഖലയിൽ സർക്കാർ നടപ്പിലാക്കേണ്ട പദ്ധതികൾ, ഇൻലാന്റ് ആക്ട് 2010 എന്നീ വിഷയങ്ങളെക്കുറിച്ച് ഇടവകതലത്തിലും ഫെറോന തലത്തിലും രൂപതാതലത്തിലും പ്രഗത്ഭരായ വ്യക്തികളെയും മത്സ്യത്തൊഴിലാളികളെയും സാമൂഹ്യ പ്രവർത്തകരേയും വിളിച്ചുചേർത്ത് ചർച്ചകൾ നടത്തുകയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനങ്ങൾ നടക്കുകയും ചെയ്തതിന്റെ ഫലമായി പ്രസ്തുത വിഷയങ്ങളിൽ ചിലമാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞു.

**ലൈബ്രറി പ്രവർത്തനങ്ങൾ**

സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസിലെ ലൈബ്രറിയിൽ മത്സ്യമേഖലയിലെ വിഷയങ്ങളെ സംബന്ധമായും ജനറലായും ഏകദേശം 4000 ബുക്കുകൾ ഉണ്ട്. കൂടാതെ ജേർണൽസ്, മാഗസിൻ മറ്റ് പ്രധാന വാരികകൾ ഉൾപ്പെടെ 500 ൽപ്പരം മാഗസിനുകൾ ഇപ്പോഴുണ്ട്. മാത്രമല്ല, ഫിഷറീസ് സംബന്ധമായും പൊതുവായുള്ള പ്രശ്നങ്ങൾ ഉൾപ്പെടുത്തി 100 ൽപ്പരം ഡോക്യുമെന്റേഷനുകൾ നിലവിലുണ്ട്. മേൽപ്പറഞ്ഞ ഡോക്യുമെന്റുകളും ബുക്കുകളും മാഗസിനുകളും റഫർ ചെയ്യുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും കേരളത്തിലെയും എൻ ജി ഒകളിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരും കോളേജുതലത്തിൽ പഠിക്കുന്ന വിദ്യർത്ഥികളും ഈ ലൈബ്രറിയിൽ വരുന്നുണ്ട്.

**ഭാവിപരിപാടികൾ**

സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസിനെ കേരളത്തിന്റെ



മത്സ്യമേഖലയിൽ അറിയപ്പെടുന്ന ഇൻഫർമേഷൻ സെന്റർ ആയി ഉയർത്തുവാനും, റിസർച്ച്, ഡോക്യുമെന്റ് ആക്ഷൻ എന്നിവയ്ക്ക് കൂടുതൽ മുൻതൂക്കം കൊടുക്കുവാനും, കെ എം വി എസ് എന്ന സംഘടന തീരദേശ മേഖലയിൽ ശക്തിപ്പെടുത്തുവാനും ടി എം എഫിൽ അംഗത്വമെടുത്ത എല്ലാ മത്സ്യത്തൊഴിലാളികളെയും കെ എൽ എം പെൻഷൻ സ്കീമിൽ അംഗങ്ങളാക്കുന്നതിനും ടി എം എഫ് എന്ന സംഘടന ശക്തിപ്പെടുത്തി സർക്കാരിൽ നിന്നും ലഭിക്കേണ്ട മത്സ്യത്തൊഴിലാളി ആനുകൂല്യങ്ങൾ, അവകാശങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് വേണ്ടിയും ടി എം എഫിൽ അംഗത്വമെടുത്ത തൊഴിലാളികളെ സ്വയം സഹായഗ്രൂപ്പുകൾ (എസ് എച്ച് ജി) ആയി രൂപീകരിക്കുന്നതിനും എല്ലാ മത്സ്യത്തൊഴിലാളികളെയും ജീവൻ ജ്യോതി ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും, സർക്കാർ നടപ്പിലാക്കുന്ന ബില്ലുകൾ എന്നിവയെക്കുറിച്ച് പഠിച്ച് ചർച്ച ചെയ്യുന്നതിനും തിരുവനന്തപുരം അതിരൂപതയിലുള്ള തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ ഉന്നത പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ചെന്നൈയിലെ പ്രശസ്ത യൂണിവേഴ്സിറ്റിയായ സത്യഭാമ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഫീസിളവുവരുത്തി അഡ്മിഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചുണ്ട്. ●

> *''എന്റെ സഹോദരരെ, വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തിയില്ലാതിരിക്കുകയും ചെയ്യുന്നവന് എന്ത് മേന്മയാണ് ഉള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിൽ ആരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീകായുക; വിശപ്പടക്കുക; എന്നൊക്കെ അവരോട് പറയുന്നുവെങ്കിൽ, അതുകൊണ്ട് എന്തുപ്രയോജനം; പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജ്ജീവമാണ്''*
>
> *(യാക്കോ. 2: 14-17)*